TAB

# TRICHUR ARCHDIOCESAN BULLETIN

2023 സെപ്തംബർ വാല്യം: 90 ലക്കം: 09




അപസ്മാരരോഗിയെ സുഖപ്പെടുത്തുന്നു (മത്താ 17, 20)



**2023 ആഗസ്റ്റ് 05ന് ആശീർവദിക്കപ്പെട്ട പൂച്ചിന്നിപ്പാടം ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര**



**2023 ആഗസ്റ്റ് 13ന് ആശീർവദിക്കപ്പെട്ട അവണൂർ ഇടവക (ക്വാസി) ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര**




Trichur Archdiocesan Bulletin TAB
ESTD: 1934

**സെപ്തംബർ 2023**

ലക്കം: 09 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



| | |
|---|---|
| കച്ചേരിക്കാര്യം | 4 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 10 |
| സഹായമെത്രാന്റെ പരിപാടികൾ | 11 |
| നാളാഗമം | 12 |
| നാമകരണ നടപടികൾ | 19 |
| വൈദികർ | 23 |
| മതബോധനം | 26 |
| സ്ഥാപനങ്ങൾ | 32 |
| സംഘടനകൾ | 48 |
| എവുപ്രാസ്യാ മിഷൻ | 69 |

# കച്ചേരി വാർത്തകൾ

സെപ്തംബർ 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : എട്ടു നോമ്പാരംഭം
ആദ്യവെള്ളി

3 : **ഏലിയാ സ്ലീവാ മൂശ ഒന്നാം ഞായർ**

5 : കൊൽക്കത്തായിലെ വി. തെരേസ

8 : പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ

10 : **ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ**

14 : വി. കുരിശിന്റെ പുകഴ്ച

17 : **ഏലിയാ സ്ലീവാ മൂശ മൂന്നാം ഞായർ**

21 : വി. മത്തായി ശ്ലീഹാ

24 : **ഏലിയാ സ്ലീവാ മൂശ നാലാം ഞായർ**

27 : വി. വിൻസെന്റ് ഡി പോൾ

29 : മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ

30 : വി. ജെറോം

## 2. സെപ്തംബർ മാസത്തെ പരിപാടികൾ

2 : സന്യസ്ത–സമർപ്പിത വൈദികസമിതി യോഗം (10:00 am)

7 : ആലോചനസമിതി യോഗം (10:30 am)

8 : ഫിനാൻസ് കൗൺസിൽ (06:30 pm)

9 : പാസ്റ്ററൽ കൗൺസിൽ (10:00 am)

10–15 : വാർഷികധ്യാനം ഒന്നാം ബാച്ച് (ജറുസലെം)

17–22 : വാർഷികധ്യാനം രണ്ടാം ബാച്ച് (മേരിമാത)

24 : ലോഗോസ് ക്വിസ്

24–29 : വാർഷികധ്യാനം മൂന്നാം ബാച്ച് (മേരിമാത)

29 : വൈദികസമ്മേളനം & വൈദികക്ഷേമനിധി

30 : ആർച്ച്ബിഷപ്പ്സ് ഹൗസ് സ്റ്റാഫ് പിക്നിക്

**3. ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ :**

ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ കുരിശിന്റെ വിജയവും കർത്താവിന്റെ രണ്ടാമത്തെ ആഗമനവും സൂചിപ്പിക്കുന്നു. സെപ്തംബർ 14ന് ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു, മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4:5) വിനാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തെറ്റിനെ ലോകത്തെ ബോധ്യപ്പെടുത്തുമെന്നും ആദിമസഭ വിശ്വസിച്ചു പോന്നു. കർത്താവിന്റെ രൂപാന്തരീകരണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും ഉണ്ടായിരുന്നുവെന്ന വസ്തുത ഈ വിശ്വാസത്തിന് ആക്കം വർദ്ധിപ്പിച്ചു. കർത്താവിന്റെ രൂപാന്തരീകരണം അവിടുത്തെ രണ്ടാമത്തെ വരവിന്റെ പ്രതീകവുമാണല്ലോ. രൂപാന്തരപ്പെട്ട സമയത്ത് മൂശയും അവിടുത്തോടൊപ്പം ഉണ്ടായിരുന്നതായിരിക്കാം സ്ലീവ നടുവിൽ വരത്തക്കവിധം ഏലിയാ–സ്ലീവാ–മൂശക്കാലങ്ങൾ രൂപപ്പെട്ടതിനു കാരണം. ലോകാവസാനം, മരണം, അവസാനവിധി എന്നിവയാണ് ഈ കാലങ്ങളിലെ പ്രധാന വിഷയങ്ങൾ. അതോടൊപ്പം, പിശാചിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, പാപത്തെ തുടച്ചു മാറ്റാനുള്ള ആഹ്വാനം സഭ നമുക്കു നൽകുന്നു. മിശിഹായുടെ ദ്വിതീയാഗമനത്തിനുമുമ്പ് ആകാശമദ്ധ്യത്തിൽ മഹത്വപൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്ന് അവിടുന്ന് പറഞ്ഞിട്ടുള്ള അടയാളം കുരിശാണെന്ന വിശ്വാസം ആദിമസഭയിൽ ഉണ്ടായിരുന്നു. അതുകൊണ്ട് കുരിശിന്റെ വിജയവും, ശക്തിയും ഈ കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നുണ്ട്. കൂടാതെ നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ രാജാവിനുണ്ടായ കുരിശിന്റെ ദർശനവും തുടർന്നുള്ള അദ്ദേഹത്തിന്റെ വിജയവും അദ്ദേഹത്തിന്റെ അമ്മയായ ഹെലേന രാജ്ഞി കുരിശു കണ്ടെത്തിയ കാര്യവും ഈ കാലത്തെ പ്രാർത്ഥനകളിലും ഗീതങ്ങളിലും കാണുന്നു. ചെങ്കടലിനു മീതെ തന്റെ വടി നീട്ടികൊണ്ട് മൂശ ഇസ്രായേൽ ജനത്തിന് കടലിന്റെ നടുവിലൂടെ വഴി കാട്ടിയതുപോലെ, സ്ലീവാവഴി കൈവന്നിരിക്കുന്ന വിജയത്തിന്റെ മാഹാത്മ്യം ഈ കാലങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വരാനിരിക്കുന്ന സ്വർഗ്ഗീയ സഭയുടെ ഒരു മുന്നാസ്വാദനം കൂടി ഇവിടെ നാം ദർശിക്കുന്നു.

**3. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2023 സെപ്തംബർ 10–15; 17–22; 24–29 തീയതികളിൽ മൂന്നു ബാച്ചുകളി

ലായി നടത്തുന്നു. ആദ്യത്തെ ബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാത മേജർ സെമിനാരിയിലുമാണ് നടത്തപ്പെടുന്നത്.

ധ്യാനഗുരു : ഡോ. അരുൺ കലമറ്റത്തിൽ (ഒന്നും മൂന്നും ബാച്ച്)
ബിഷപ് അലക്സ് വടക്കുംതല (രണ്ടാം ബാച്ച്)

- ♦ മുഴുവൻ സമയവും താമസിച്ചു ധ്യാനിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേക്കൂട്ടി ചെയ്യണം.
- ♦ ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി (പുതുക്കാത്തവർ), മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.
- ♦ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- ♦ എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.
- ♦ വാർഷികധ്യാനത്തിന്റെ ലിസ്റ്റ് 2023 ജൂലൈ മാസത്തെ ബുള്ളറ്റിനിൽ നൽകിയിട്ടുണ്ട്. ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്കാർക്കെങ്കിലും പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിന് ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2023 ആഗസ്റ്റ് 15നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ബാച്ചുകൾ മാറാൻ ആഗ്രഹിക്കുന്നവർ മറ്റു ബാച്ചുകളിലുള്ളവരുമായി സംസാരിച്ച് അക്കാര്യം ക്രമീകരിക്കേണ്ടതാണ്.

**4. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ:**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2023 നവംബർ 11–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2022 ജൂൺ 1 മുതൽ 2023 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ**

**പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗ ങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണി ക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധ പ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റ സ്റ്റഡ് കോപ്പികളോടും കൂടെ **15–10–2023 നു** മുമ്പായി ജനറൽ സെക്ര ട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്ക ണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2022–23 അധ്യയനവർഷത്തിൽ

**1.1** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.2** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെ ക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.3** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.4** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപ താതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*
(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, **ഗ്രേഡ്**

**മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.**

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

**3.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3.2** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

**4.1** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

**4.2** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

**4.3** അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ–കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരി

ഗണിക്കപ്പെടുന്നു.

5. **വൈദിക നിയമനം :**

1. ഫാ. സിജോ അരിക്കാട്ട് OFM.Cap. – ഡയറക്ടർ എസ്. എഫ്. ഒ.; സാധുത 2023 ജൂലൈ 15 മുതൽ.
2. ഫാ. ആന്റണി തെക്കിനിയത്ത് OFM.Cap. – ഡയറക്ടർ എസ്. എഫ്. ഒ. ഒഴിവായി; സാധുത 2023 ജൂലൈ 15 മുതൽ.
3. ഫാ. തോമസ് പുത്തൂർ OFM.Cap. – അസി. ഡയറക്ടർ എസ്. എഫ്. ഒ. ഒഴിവായി; സാധുത 2023 ജൂലൈ 15 മുതൽ.
4. ഫാ. വിൻസെന്റ് കണ്ണനായ്ക്കൽ OFM.Cap. – അസി. ഡയറക്ടർ എസ്. എഫ്. ഒ. ഒഴിവായി; സാധുത 2023 ജൂലൈ 15 മുതൽ.
5. ഫാ. അലക്സ് മരോട്ടിക്കൽ– കോർഡിനേറ്റർ അതിരൂപത വിവാഹ അനുരഞ്ജന ഓഫീസ് & മരിയ കൗൺസിലിംഗ് സെന്റർ, ബലിയർപ്പണം സി. എച്ച്. എഫ്. ബെത്‌ലെഹം കോൺവെന്റ് മുക്കാട്ടുകര; ഡയറക്ടർ ടിംഹാൻസ് & അസി. ഡയറക്ടർ ഗ്രേസ് ഹോം ഒഴിവായി; സാധുത 2023 ജൂലൈ 27 മുതൽ.
6. ഫാ. ജോബി കടപ്പൂരാൻ – ഡയറക്ടർ ടിംഹാൻസ്; സാധുത 2023 ജൂലൈ 27 മുതൽ.
7. ഫാ. ട്രെജിൻ തട്ടിൽ – അസി. ഡയറക്ടർ ഗ്രേസ് ഹോം; സാധുത 2023 ജൂലൈ 23 മുതൽ.
8. ഫാ. അൻവിൻ ചിറ്റിലപ്പിള്ളി – പഠനാവധി; അസി. ഡയറക്ടർ സി. എൽ. സി. ഒഴിവായി.; സാധുത 2023 ജൂലൈ 24 മുതൽ.
9. ഫാ. സിബിൻ ഊക്കൻ – അസി. ഡയറക്ടർ സി. എൽ. സി. കൂടി; സാധുത 2023 ജൂലൈ 24 മുതൽ.
10. ഡീ. ഫ്രാൻസിസ് പാറക്കൽ SJ– ഡീക്കൻ മിനിസ്ട്രി വേലൂർ; സാധുത 2023 ആഗസ്റ്റ് 1 മുതൽ 31 ഒക്ടോബർ വരെ.
11. As per the Order No. 980/2023 dated 27 April 2023 (Prot.No 1211/2023/S/ABP) the Pius Union MHR (Monastery of Holy Ruah - *Monasterium sui iuris in fieri*) established in the Archdiocese of Trichur is permanently dissolved with effect from 30th July 2023.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2023 SEPTEMBER Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | | Bangalore |
| 02 | Sat | | Kottayam Bishop's House |
| 03 | Sun | Morning | Blessing of renovated Chapel at Parappur |
| | | | Santhwanam Charity Day at St. Thomas College |
| 06 | Wed | Morning | Silver Jubilee conclusion of St. Clare's School |
| | | | CRI General Body meeting at Family Apostolate |
| 07 | Thu | Morning | Consulters meeting |
| 08 | Fri | Evening | Finance Council meeting |
| 09 | Sat | Morning | Pastoral Council meeting |
| | | Evening | JMMC trust meeting |
| 10 | Sun | Afternoon | Golden Jubilee @ Panamucku |
| 13 | Wed | Morning | Holy Mass at St. Mary's Minor Seminary |
| 14 | Thu | Morning | Holy Mass at Marymatha Major Seminary |
| 15 | Fri | Morning | Pontifical Holy Mass at Dolours Basilica, Thrissur |
| 16 | Sat | Afternoon | Holy Mass - Silver Jubilee of Clelia Convent Chittissery |
| 17 | Sun | | Engaged (Karimannor — Jubilee of Fr. Parathazham) |
| 21-25 | | | CBCI Standing Committee Meeting at Bangalore |
| 29- | | | To Rome for Synod |

*** Monday to Wednesday - Ernakulam**

# ENGAGEMENTS

## 2023 SEPTEMBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 02 | Sat | Morning | Holy Mass @ MMMS |
| | | | CRI + Presbyteral Council Meeting |
| 03 | Sun | Morning | Holy Mass @ Pathramangalam |
| | | Evening | Holy Mass @ Chirakkal |
| 04 | Mon | Morning | Fourth Child Baptism @ Kottekkad |
| 07 | Thu | Morning | Consultors' Meeting |
| | | Evening | Fourth Child Baptism @ Kurumal |
| 08 | Fri | Morning | Holy Mass @ Animation Centre |
| | | Afternoon | Visitors' Time |
| | | Evening | Finance Council |
| 09 | Sat | Morning | Fourth Child Baptism @ Ammadom |
| | | | Pastoral Council |
| | | Evening | Kudumbakoottaima Sangamam @ Panamuck |
| 10 | Sun | Afternoon | OFM Ashram Blessing @ Valappad |
| 11 | Mon | Morning | Holy Mass @ SLMI Convent West Fort |
| 17 | Sun | All Day | Pastoral Visit @ Nenmanikkara |
| 19 | Tue | Morning | Fourth Child Baptism @ Pootharakkal |
| | | | Woman Commission Meeting @ Family Apostolate |
| 20 | Wed | Morning | Holy Mass @ Minor Seminary |
| 23 | Sat | Morning | Fourth Child Baptism @ Eravu |
| 24 | Sun | Morning | Holy Mass @ Kallur East |
| | | | Logos Bible Quiz |
| 29 | Fri | Afternoon | Priests' Conference & Priests' Welfare Meeting |

# നാളാഗമം

## ജൂലൈ 2023

01. പുല്ലഴി സെന്റ് ജോസഫ് ഹോമിൽ സി. എസ്. ആർ. ഫണ്ടിൽനിന്നും പുതുതായി ലഭിച്ച വാഹനത്തിന്റെ താക്കോൽ ദാനകർമ്മം അഭിവന്ദ്യ താഴത്ത് പിതാവ് നിർവഹിച്ചു. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ പുതുതായി നിർമ്മിച്ച സർജിക്കൽ ഐ.സി.യു.വും മറ്റും ആൻഡ്രൂസ് പിതാവ് ആശീർവദിച്ചു. ഉച്ചതിരിഞ്ഞ് അതിരൂപതയുടെ നേതൃത്വത്തിൽ തൃശ്ശൂർ നഗരത്തിലൂടെ മണിപ്പൂർ കലാപത്തിനെതിരെ നടത്തിയ പ്രതിഷേധറാലിയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുകയും, ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഗുരുകുലം സെമിനാരിയിൽ വൈദിക വിദ്യാർഥികളെ സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം മണിപ്പൂർ കലാപത്തിന് എതിരെയുള്ള പ്രതിഷേധ റാലിയിൽ പങ്കെടുത്ത് സംസാരിച്ചു.
02. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചിറ്റിശ്ശേരി ഇടവക സന്ദർശിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടന്ന നവദമ്പതി സംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു.
03. രാവിലെ പാലയൂർ സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് മഡോണനഗർ മൈനർ സെമി

നാരിയിൽവച്ച് ആൻഡ്രൂസ് പിതാവ് എക്കുമനിക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എരുമപ്പെട്ടി ഇടവകയിൽ ദിവ്യബലിയർപ്പിച്ച് വൈദിക മന്ദിരം വെഞ്ചരിച്ചു. മറ്റം ദേവാലയത്തിലെ പുതിയ കവാടം വെഞ്ചിരിച്ചു.

04. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നടത്തറ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി ദിവ്യബലിയർപ്പിച്ചു. മംഗലപ്പുഴ സെമിനാരിയിൽ കമ്മീഷൻ സന്ദർശനം നടത്തി.

05. ഉച്ചതിരിഞ്ഞ് അതിരൂപത കേന്ദ്രത്തിൽവച്ച് സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.

07. രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചതിരിഞ്ഞ് ബഹുമാനപ്പെട്ട ജോസ് വട്ടക്കുഴി അച്ചന്റെ സഹോദരന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

08. രാവിലെ തിരൂർ ഇടവകയിൽവെച്ച് ആളൂർ സെബാസ്റ്റ്യൻ–സിനി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമ്മോദീസ നൽകി. അതിനുശേഷം മരിയാപുരത്ത് എം. എം. ബി. ബ്രദേഴ്സിന്റെ സുവർണ്ണ–രജത ജൂബിലി ആഘോഷങ്ങളും ആദ്യവ്രത വാഗ്ദാനവും ആൻഡ്രൂസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. ഉച്ചതിരിഞ്ഞ് ബഹുമാനപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി രാജ്കുമാർ രഞ്ജൻ സിംഗ് അതിരൂപത കേന്ദ്രത്തിലെത്തി അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ഡോൺ ബോസ്കോ കോളേജിലെ ഗ്രാജുവേഷൻ ഡേ ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് അരുണാട്ടുകര ഇടവകയിൽ വച്ച് സിസ്റ്റർ ഡോളിയുടെ അനുസ്മരണ ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം പുലക്കാട്ടുകര ഇടവകയിൽ ഊട്ടു തിരുനാളിന് കൊടിയേറ്റം നടത്തി മതബോധന ഹാൾ വെഞ്ചരിച്ച് ദിവ്യബലിയർപ്പിച്ചു. രാത്രി D. B. C. L. C യിൽ സംഘടിപ്പിച്ച Catechists സംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അടാട്ട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. അതിനുശേഷം കുറുമാൽ ഇടവകയിൽവച്ച് ബഹുമാനപ്പെട്ട അനീഷ് കൂത്തുർ അച്ചന്റെ പ്രിയപ്പെട്ട പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പിതാക്കന്മാർ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ ആശുപത്രിയിലെ എം. ബി. ബി. എസ്. വിദ്യാർത്ഥികളുടെ ബിരുദധാനചടങ്ങിൽ താഴത്ത് പിതാവ് പങ്കെടുത്തു. വൈകിട്ട് ഒല്ലൂർ ഫൊറോന പള്ളിയിൽ വച്ച്

പഠനത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ ആദരിക്കുന്ന ജ്യോതിസ് എന്ന പരിപാടിയിൽ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വരാക്കര സെന്റ്. ആന്റണീസ് ഇടവകയിൽ മതബോധന ഹാൾ വെഞ്ചിരിച്ച് ദിവ്യബലിയർപ്പിച്ചു. ബഹു. ഫാ. അനീഷ് കൂത്തൂരിന്റെ അപ്പച്ചന്റെ മൃതസംസ്കാര ശുശ്രൂഷ നിർവഹിച്ചു. കാഞ്ഞാണി ഇടവകയിലെ ഇടവക ദിനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

10. എറണാകുളം അതിരൂപതയിലെ മേലൂർ ഇടവകയിൽവച്ച് ബഹുമാനപ്പെട്ട ഇഗ്നേഷ്യസ് പയ്യപ്പിള്ളി അച്ചന്റെ പിതാവിന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ താഴത്ത് പിതാവ് സംബന്ധിച്ചു. ഉച്ചതിരിഞ്ഞ് തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കായുള്ള തുടർപരിശീലന പരിപാടി ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. സെന്റ്തോമസ് കോളേജിൽ സംഘടിപ്പിച്ച ചിത്രൻ നമ്പൂതിരി അനുസ്മരണ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ ഒന്നാമത്തെ ബാച്ചിൽ പങ്കെടുത്തു.
11. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി സമരിറ്റൻ കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ രണ്ടാമത്തെ ബാച്ചിൽ പങ്കെടുത്തു. രാത്രി സെന്റ്. തോമസ് കോളേജ് ഹോസ്റ്റൽ വെഞ്ചിരിച്ചു.
12. രാവിലെ തൃശ്ശൂർ മഡോണ നഗർ മൈനർ സെമിനാരിയിൽ അഭി വന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സ്ഥാപന ഡയറക്ടർമാരുടെ മീറ്റിങ്ങിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പഴുവിൽ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ മൂന്നാമത്തെ ബാച്ചിൽ പങ്കെടുത്തു. സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.
13. തൃശ്ശൂർ അതിരൂപതയിലെ വൈദികർക്കുള്ള തുടർപരിശീലന പരിപാടി താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വിശുദ്ധ ക്ലേലിയയുടെ തിരുനാളിനോട് അനുബന്ധിച്ച് ചിറ്റിശ്ശേരി ഇടവകയിൽ ദിവ്യബലിയർപ്പിച്ചു. തൃശ്ശൂർ അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ നാലാമത്തെ ബാച്ചിൽ പങ്കെടുത്തു.

14. അതിരൂപതയുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെ യോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. ഉച്ചതിരിഞ്ഞ് പൊങ്ങണംകാട് ഇടവകയിൽ വച്ച് ബഹുമാനപ്പെട്ട ജോസ് അറങ്ങാശ്ശേരി അച്ചന്റെ സഹോദരന്റെ മൃതദേഹസംസ്കാര ശുശ്രൂഷയിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ അഞ്ചാമത്തെ ബാച്ചിൽ പങ്കെടുത്തു.
15. വരടിയം സാൻന്തോം മിഷൻ ഹൗസിൽവച്ച് ബഹുമാനപ്പെട്ട സിസ്റ്റർ റോസ്ബെൽ സി. എസ്. സി. യുടെ മൃതദേഹസംസ്കാരത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് കാർമ്മികത്വം വഹിച്ചു. വൈകിട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ട്രസ്റ്റ് മീറ്റിങ്ങിലും അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പള്ളിക്കുന്ന് ഇടവകയിൽ വെച്ച് ഡീക്കൻ ലിജോ കുന്നൻ എസ്. എം. പി. ക്ക് വൈദിക പട്ടം നൽകി.
16. രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളാറ്റഞ്ഞൂർ ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് തയ്യൂർ, കുട്ടൻകുളം, മുണ്ടത്തിക്കോട്, തിരുത്തിപ്പറമ്പ് എന്നീ ഇടവകകളിൽ സന്ദർശനം നടത്തി. കർമ്മല മാതാവിന്റെ തിരുനാൾ ആശംസകൾ നേർന്നുകൊണ്ട് കോലഴിയിലുള്ള സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിലും, പാട്ടുരായ്ക്കലിലുള്ള സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസിലും താഴത്ത് പിതാവ് സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് ചൊവ്വൂർ ഇടവകയിൽ ബഹുമാനപ്പെട്ട പോൾ പുളിക്കൻ അച്ചന്റെ പിതാവിന്റെ മൃതദേഹസംസ്കാരത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് സി. എൽ. സി. ഫോർമേഷൻ ക്യാമ്പിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു. പെരിങ്ങോട്ടുകര സെറാഫിക് കോൺവെന്റിൽ പ്ലാറ്റിനം ജൂബിലിയുടെ ദിവ്യബലിയർപ്പിച്ചു. പാലയൂർ ദേവാലയത്തിൽ തർപ്പണ തിരുനാളിൽ പങ്കെടുത്ത് ദിവ്യബലിയർപ്പിച്ചു.
17. ഫാമിലി അപ്പോസ്തോലേറ്റിൽവച്ച് നടന്ന, കുടുംബ കൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്ന സമർപ്പിതരുടെ പരിശീലന പരിപാടി അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതയിലെ വൈദികർക്കുള്ള തുടർ പരിശീലന പരിപാടി ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ വച്ച്

നടന്ന തൃശ്ശൂർ അതിരൂപതയിലെ കപ്യാർമാരുടെ ധ്യാനത്തിൽ ദിവ്യബലിയർപ്പിച്ചു. ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടന്ന സിസ്റ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിൽ പങ്കെടുത്തു. വൈ. എം. സി. എ. റീജിയണൽ എക്യുമെനിക്കൽ മീറ്റിങ്ങിൽ പങ്കെടുത്തു. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ ആറാമത്തെ ബാച്ചിൽ പങ്കെടുത്തു.

18. രാവിലെ കാൽവരി ആശ്രമത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് വൈദികർക്കുള്ള തുടർപരിശീലന പരിപാടി ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ ഏഴാമത്തെ ബാച്ചിൽ പങ്കെടുത്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് അതിരൂപതയിലെ വൈദികർക്കുള്ള തുടർപരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. അതിനുശേഷം തൃശ്ശൂർ സാഗർ ഭവനിൽ വച്ച് ബഹുമാനപ്പെട്ട പ്രോസ്പർ സി.എം.ഐ. അച്ചന്റെ മൃതദേഹസംസ്കാരത്തിന് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ എട്ടാമത്തെ ബാച്ചിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ഫാ. പ്രോസ്പർ സി.എം.ഐ. യുടെ സംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

20. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ കോട്ടയം വടവാതൂർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വൈദികരെയും വൈദികവിദ്യാർഥികളെയും സന്ദർശിക്കുകയും ചെയ്തു. അതിനു ശേഷം, മരണമടഞ്ഞ മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടിയുടെ കോട്ടയം തിരുനക്കര മൈതാനത്ത് ആദരാഞ്ജലികൾ അർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വൈദികരുടെ ഓൺ ഗോയിങ് ഫോർമേഷൻ എട്ടാമത്തെ ബാച്ചിൽ പങ്കെടുത്തു. അരമനയിൽ വെച്ച് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിച്ച മീറ്റിങ്ങിൽ പങ്കെടുത്തു.

21. സി. അനസ്താസ്യ സി. എച്ച്. എഫ്. ന്റെ നിര്യാണത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് ആദരാജ്ഞലി അർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പറോക്ക് ട്രസ്റ്റ് മീറ്റിംഗ് പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കൂനംമൂച്ചി ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി ദിവ്യബലിയർപ്പിച്ചു.

22–24 സി.ബി.സി.ഐ. പ്രതിനിധി സംഘത്തോടൊപ്പം അഭിവന്ദ്യ താഴത്ത് പിതാവ് മണിപ്പൂർ സന്ദർശിച്ചു.

22. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അവിണിശ്ശേരി ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി ദിവ്യബലിയർപ്പിച്ചു. അരമനയിൽ വെച്ച് PACT എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ പങ്കെടുത്തു.

23. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആമ്പക്കാട് ദേവാലയത്തിൽ ഇടയസന്ദർശനം നടത്തി.

24. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കെ. സി. വൈ. എം. സംഘടന സംഘടിപ്പിച്ച മണിപ്പൂർ പ്രതിഷേധത്തിൽ പങ്കെടുത്ത് സംസാരിച്ചു.

25. മഡോണ നഗർ മൈനർ സെമിനാരിയിൽവച്ച് വിശുദ്ധ യാക്കോബ് ശ്ലീഹായുടെ തിരുനാളും, അതിരൂപതയിലെ വൈദികരുടെ പൗരോഹിത്യത്തിന്റെ സുവർണ്ണ–രജത ജൂബിലികളും, വൈദികരുടെ മദ്ധ്യസ്ഥനായ വി. വിയാനി പുണ്യവാന്റെ തിരുനാളും, വൈദിക സമ്മേളനവും അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടത്തി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കൊഴുക്കുള്ളിയിൽ ക്രിസ്തുദാസി കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു.

26. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ബസിലിക്കാ ദേവാലയത്തിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി ദിവ്യബലിയർപ്പിച്ചു.

27. ചിയ്യാരം ഹോളി ഫാമിലി കോൺവെന്റിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സി. ലില്ലി ചിറയത്ത് സി. എച്ച്. എഫ്. ന്റെ മൃതദേഹത്തിൽ ആദരാഞ്ജലികളർപ്പിച്ച് പ്രാർത്ഥിച്ചു. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ കോൺവെക്കേഷൻ പരിപാടിയിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അതിനുശേഷം കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം താഴത്ത് പിതാവിന്റെ അധ്യക്ഷതയിൽ അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്നു. ഉച്ചതിരിഞ്ഞ് ഉപദേശക സമിതി യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് നടത്തറ ഇടവകയിൽ ബഹു. ആന്റോ, സെബി കാഞ്ഞിരത്തിങ്കൽ അച്ചന്മാരുടെ പ്രിയ മാതാവിന്റെ മൃതദേഹസംസ്കാരത്തിന് അഭിവന്ദ്യ പിതാക്കന്മാർ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ്. തോമസ് കോളേജ് കോൺവെക്കേഷൻ സെറിമണി ഉദ്ഘാടനം ചെയ്തു.

28. രാവിലെ അസീസി എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലി അർപ്പിച്ചു പ്രാർത്ഥിച്ചു.

29. തൃശ്ശൂർ സെന്റ് മർത്ത കോൺവെന്റിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ വിശുദ്ധ കുർബാന അർപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൊയക്കാവ് ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. എളനാട് ദേവാലയത്തിൽ വിശുദ്ധ അന്നയുടെ തിരുനാൾ ദിവ്യബലി അർപ്പിച്ചു.


30. വല്ലച്ചിറ ഇടവകയിൽ രാവിലെ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് നവീകരണം നടന്നുകൊണ്ടിരിക്കുന്ന പൂച്ചിന്നിപ്പാടം ഇടവക ദൈവാലയം സന്ദർശിച്ചു. ശേഷം എൽത്തുരുത്ത് ഇടവകയിലെ പുതിയ സാമ്പത്തിക കാര്യാലയം ഉദ്ഘാടനം ചെയ്തു. തുടർന്ന് പുതുതായി ആരംഭിക്കുന്ന എൽഡർ വില്ലേജ് എന്ന പദ്ധതിയുടെ ശിലാസ്ഥാപനം നടത്തി. പിന്നീട് എൽത്തുരുത്ത് ഇടവകജനങ്ങളുടെ ഒരു പൊതുയോഗവും സംഘടിപ്പിച്ചു. ഉച്ചതിരിഞ്ഞ് കത്തോലിക്കരായ ഗവൺമെൻറ് ജോലിക്കാരുടെ ഒരു യോഗം ഫാമിലി അപ്പോസ്തോലേറ്റിൽവച്ച് അഭിവന്ദ്യ താഴത്ത് പിതാവിന്റെ സാന്നിധ്യത്തിൽ സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വെങ്ങിണിശ്ശേരി ദേവാലയത്തിൽ ഇടവകദിന ദിവ്യബലിയർപ്പിച്ചു. ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് കത്തോലിക്ക കോൺഗ്രസ് സംഘടിപ്പിച്ച സർക്കാർ ജോലിക്കാരുടെ സംഗമത്തിൽ പങ്കെടുത്തു. കൂനംമൂച്ചി ദേവാലയത്തിൽ വച്ച് സി. എൽ. സി. സംഘടന സംഘടിപ്പിച്ച ഇഗ്നേഷ്യസ് ലയോള ദിനാചരണ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വൈകുന്നേരം പുല്ലഴി ക്രിസ്റ്റീന ഹോം കുടുംബ ദിനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

31. ചേർത്തല തണ്ണീർമുക്കം ഇടവകയിൽവച്ച് എറണാകുളം–അങ്കമാലി അതിരൂപതയിലെ ബഹുമാനപ്പെട്ട ജോസ് കരാച്ചിറ അച്ചന്റെ മൃതദേഹസംസ്കാരത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

**നാമകരണനടപടികൾ**

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### രണ്ടാം ശനിയാഴ്ചാചരണം



ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 12.08.2023 –ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയിൽവച്ച് ആചരിച്ചു. വി. കുർബാനയ്ക്ക് മുഖ്യകാർമ്മികനായത് ഇരിങ്ങാലക്കുട രൂപതയിലെ വടക്കുംകര ഇടവക വികാരിയും സഹൃദയ ലൂമെൻ സിവിൽ സർവ്വീസ് അക്കാദമിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ബഹു. നൗജിൻ വിതയത്തിലച്ചനായിരുന്നു. ഇരിങ്ങാലക്കുട പ്രതീക്ഷാ ഭവൻ കോൺവെന്റിൽ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സ് ആണ് ആരാധനയ്ക്കും ജപമാലയർപ്പണത്തിനും നേതൃത്വം നല്കിയത്. പ്രതീക്ഷാ ട്രെയിനിംഗ് സെന്ററിലെ വിദ്യാർത്ഥികളുടെ സാന്നിധ്യവും

ഉണ്ടായിരുന്നു. മണ്ടുംപാൽ കുര്യാക്കോസ് സണ്ണിയും കുടുംബവുമാണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്.


ധന്യനായ ഊക്കനച്ചന്റെ ജീവിതത്തിലെ 3 കാര്യങ്ങളിൽ താൻ വളരെ ആകർഷിതനായിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തികൊണ്ടാണ് ബഹു. നൗജിനച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. ഈ പുണ്യപിതാവിൽ ഉണ്ടായിരുന്ന സാമൂഹിക പ്രതിബദ്ധതയാണ് ഒന്നാമത്തെ കാര്യം. ഒന്നുമല്ലാതിരുന്ന, ഒന്നുമില്ലാതിരുന്ന കുന്നംകുളത്തെ തന്റെ പ്രേഷിതമേഖലയായി തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ ഗുണമാണ്. വിദ്യാഭ്യാസപ്രേഷിതത്വത്തിലൂടെയും, ഗ്രാമോദ്ധാരണത്തിലൂടെയും, ആതുരശുശ്രൂഷയിലൂടെയും ഈ നാട് അതനുഭവിച്ചറിയുകയും ചെയ്തു. ഇക്കാലത്ത് നമുക്കും ഉണ്ടായിരിക്കേണ്ട ഗുണമാണിത്. ഊക്കനച്ചനുണ്ടായിരുന്ന രണ്ടാമത്തെ കാര്യം ആത്മീയ പ്രതിബദ്ധതയാണ്. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഭക്തികൾ ഇതിനേറെ തെളിവാണ്. തിരുഹൃദയഭക്തി, ദിവ്യകാരുണ്യഭക്തി, മരിയഭക്തി..... ഏതൊരു ക്രിസ്ത്യാനിക്കും പ്രയാസംകൂടാതെ വളർത്തിയെടുക്കാൻ കഴിയുന്നവയാണിത്. സൃഷ്ടികളിൽനിന്നും സ്രഷ്ടാവിലേക്കുയരാൻ, പ്രകൃതിയിൽനിന്നും പ്രകൃതിനാഥനിലേക്കുയരാൻ ഈ മനോഭാവം അദ്ദേഹത്തെ സഹായിച്ചു. തന്റെ ആത്മീയപുത്രിമാർ ഈ മനോഭാവം ആർജ്ജിച്ചെടുക്കുന്നതിനായി ചൊവ്വന്നൂരടുത്തുള്ള നരിമടക്കുന്നിലേക്ക് കൊണ്ടുപോവുക പകിവായിരുന്നു. മൂന്നാമത്തെ കാര്യം വിശുദ്ധിയിലേക്കുള്ള പ്രതിബദ്ധത സ്വജീവിതത്തിൽ പകർത്തിയ വ്യക്തിയാണ് അദ്ദേഹമെന്നതാണ്. വി. പൗലോസ് ഇപ്രകാരം പഠിപ്പിക്കുന്നു " നാം വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. വിശുദ്ധികൂടാത ആർക്കും ദൈവത്തെ ദർശിക്കാൻ സാധ്യമല്ല." തന്മൂലം ഊക്കനച്ചൻ സദാ പ്രർത്ഥിച്ചു. "കർത്താവേ എന്നെ ഒരു വിശുദ്ധനാക്കിതീർക്കണമെ". ആഗ്രഹം, പ്രാർത്ഥന, പരിശ്രമം ഇവ കൂടാതെ കർത്താവിന്റെ ദാനമായ കൃപയും ഉണ്ടെങ്കിൽ മാത്രമേ വിശുദ്ധ ജീവിതം നയിക്കാൻ സാധിക്കുകയുള്ളൂ. ഈ കൃപയിൽ നിറഞ്ഞ് പുണ്യപിതാവ് ഇങ്ങനെ പ്രാർത്ഥിക്കുന്നുണ്ട്. "ഞാൻ വലിയൊരു പാപിയാണെങ്കിലും പിതാവിന്റെ കൃപ ഉള്ളതിനാൽ ഞാനൊരു വിശുദ്ധനാകും". ഈ ദൃഢനിശ്ചയമാണ് ഊക്കനച്ചനെ ഒരു ധന്യനാക്കി തീർത്തത്. നമുക്കും ഈ ഗുണങ്ങൾ സ്വന്തമാക്കി പൂർവ്വാധികം ശക്തിയോടെ കർത്താവിനെ ശുശ്രൂഷിക്കാം. വേല ചെയ്യാം.

ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദികളർപ്പിച്ചു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

**ജീവിതത്തിൽ തീക്ഷ്ണതയുള്ളവരാകുക**

സമയത്തിന്റെ വിലയെയും ഉപയോഗത്തെയും കുറിച്ച് അച്ചൻ കുറിക്കുന്ന ചിന്തകൾ ഇപ്രകാരമാണ്. ദൈവത്തെപ്പോലെ വിലയുള്ളതാണ് സമയം. നമ്മളെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും നമ്മുടെ ശുശ്രൂഷയെക്കുറിച്ചും ചിന്തിക്കുക. സമയം അമൂല്യമാണ്. എന്നുവച്ചാൽ സമയത്തിലാണ് നാം പ്രവൃത്തികൾ ചെയ്യുന്നത്. സ്വർഗ്ഗത്തിലുള്ള ഒരു ബനഡിക്ടൈൻ സിസ്റ്റർ (ദർശനത്തിൽ) മറ്റൊരു സഹോദരിയോടു പറഞ്ഞു. സാദ്ധ്യമായിരുന്നെങ്കിൽ ഞാൻ താഴെക്കിറങ്ങി ലോകാവസാനം വരെ പ്രവർത്തിക്കും .



നമ്മുടെ ജോലികൾ നിർവ്വഹിക്കുന്നതിലാണ് സമയത്തിന്റെ വില അടങ്ങിയിരിക്കുന്നത്. കുർബ്ബാന ചൊല്ലുകയും കുമ്പസാരം കേൾക്കുകയും കാനോനനമസ്കാരം ചൊല്ലുകയും അവയിൽ പ്രധാനപ്പെട്ടതാണ്. (ധ്യാനവേളയിൽ) ഇതു പരിശീലിക്കയും സാവകാശത്തോടെയും ക്രമമായും ഇതു ചെയ്യുവാനുള്ള ഉറച്ച ശീലങ്ങൾ ഉണ്ടാവുകയും വേണം. അല്ലെങ്കിൽ പുറത്തായിരിക്കുമ്പോഴും അത് ചെയ്യില്ല. ഇവിടെ ബെല്ലടിക്കലും നിയമങ്ങളും

വഴി എല്ലാം ക്രമത്തിലാണ്. എന്നാൽ പുറത്തോ? ചില വൈദികർ തങ്ങളുടെ സമയം ഉപയോഗിക്കുന്നത് നോക്കുക: തിരക്കിട്ട് അവർ കുർബ്ബാന ചൊല്ലുന്നു. വിമുഖതയോടെയും, ക്ഷീണിതരായും കുമ്പ സാരം കേൾക്കുന്നു. ചിലപ്പോൾ അതുപോലുമില്ല. ചിലർ കസേരയിലി രുന്ന് സല്ലപിക്കുന്നു. ആദ്യവെള്ളിയാഴ്ച ഒരു വൈദികൻ ഒരു പള്ളി യിൽ ചെന്നു. അവിടെയുള്ള അച്ചൻമാർ എല്ലാവരും കുമ്പസാരം കേൾക്കുന്ന തിരക്കിലായിരുന്നു. അച്ചന്റെ അവിടെ ഇതൊന്നും ഇല്ലേ എന്ന ചോദ്യത്തിന് ഞാനീ സൂത്രമൊന്നും അവരെ പഠിപ്പിച്ചിട്ടില്ല എന്നായിരുന്നു മറുപടി. അത്തരം വൈദികർക്ക് ഒരു തീക്ഷ്ണതയുമി ല്ലെന്നും അവർ ഒരു സംഘടനയും വളർത്തുന്നില്ല എന്നും അച്ചൻ പ്രസ്താവിക്കുന്നു. അവർക്ക് സമയം എങ്ങനെ ഉപയോഗിക്കണമെന്ന് അറിയില്ല; അവർ ഒരു പുസ്തകം പോലും തൊടുന്നില്ല!

ഇതിനോട് ചേർന്നുപോകുന്ന അച്ചന്റെ മറ്റൊരു ചിന്തയും ഇവിടെ നൽകാം. ഇന്ത്യയിൽ ജീവിച്ചിരുന്ന ഈശോസഭാ വൈദിക നായ ജോസഫ് പുട്സ് എഴുതിയ My Mass എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹം അച്ചൻ ഉദ്ധരിക്കുന്നുണ്ട്. വൈദികർ മാത്രമല്ല എല്ലാ ക്രൈസ്തവരും വി. കുർബാനയിൽ സജീവ പങ്കുവഹിക്കണമെന്ന് ഈ ഗ്രന്ഥം നമ്മെ ഓർമ്മിപ്പിക്കുന്നു എന്ന് അച്ചൻ എഴുതുന്നു. ഇത് നമ്മുടെ കുർബാനയാണ്. ആകയാൽ എന്റെ കുർബാനയാണ്. ഇത് ഒരു സമൂഹ കർമ്മമായതിനാൽ വ്യക്തിപരമായതു കൂടിയാണ്. കുർബാനയിൽ ആരും മൂകസാക്ഷികൾ ആകരുത്. വി. കുർബാനയോടുള്ള ചില ക്രിസ്ത്യാനികളുടെ നിർജീവവും താല്പര്യരഹിതവുമായ സമീപന ത്തിൽ വലിയ ദുഃഖം തോന്നുന്നു എന്ന് അച്ചൻ എടുത്തു പറയുന്നു. വി. കുർബാനയുടെ മഹത്വവും, മനോഹാരിതയും അവർ അറിഞ്ഞിരു ന്നുവെങ്കിൽ! എത്ര വലിയ അവസരമാണ് അവർ നഷ്ടപ്പെടുത്തുന്നത്.

വി. കുർബാനയിൽ പൂർണ്ണഹൃദയത്തോടെ പങ്കെടുക്കാൻ നമുക്ക് ശ്രമിക്കാം.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ | 02 |
| ഫാ. ആന്റോ എടക്കുളത്തൂർ | 02 |
| ഫാ. ആന്റോ രായപ്പൻ | 02 |
| ഫാ. ജെറിൻ അരിമ്പൂർ | 06 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 06 |
| ഫാ. ജിയോ തരകൻ | 07 |
| ഫാ. ടെറിൻ മുള്ളക്കര | 08 |
| ഫാ. പോളി നീലങ്കാവിൽ | 08 |
| ഫാ. ഡെമിൻ തറയിൽ | 08 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 10 |
| ഫാ. ഡേവിസ് ചിറമ്മൽ സീനിയർ | 10 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 10 |
| ഫാ. ഏബിൾ ചിറമ്മൽ | 13 |
| ഫാ. ജിയോ വേലൂക്കാരൻ | 14 |
| ഫാ. ജിനു പയ്യപ്പിള്ളി | 17 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 18 |
| ഫാ. ജിയോ കടവി | 20 |
| ഫാ. ആന്റണി ആലുക്ക | 21 |
| ഫാ. ആന്റോസ് എലുവത്തിങ്കൽ | 22 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 22 |
| ഫാ. ജോൺ പേരാമംഗലം | 23 |
| ഫാ. ജിജോ മാളിയേക്കൽ | 25 |
| ഫാ. ചാക്കോ നടക്കവേലിയിൽ | 25 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 27 |
| ഫാ. ഫ്രാങ്കോ പുത്തിരി | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സൈജൻ വാഴപ്പിള്ളി | 30 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. നൈസൻ ഏലന്താനത്ത് | 21 |
| ഫാ. മാത്യു ചാക്കേരി | 21 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 21 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 21 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 21 |
| ഫാ. ജിൻസൻ മുക്കടയിൽ | 21 |
| ഫാ. ജിതിൻ നെല്ലങ്കര | 21 |
| ഫാ. ജസ്റ്റിൻ  പൂഴിക്കുന്നേൽ | 21 |
| ഫാ. മാത്യു വെട്ടത്ത് | 21 |
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 27 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 27 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 27 |
| ഫാ. വിൻസെന്റ് കുണ്ടുകുളം | 27 |
| ഫാ. റാഫേൽ ആക്കാമറ്റത്തിൽ | 29 |
| ഫാ. ജോൺ ചിറ്റിലപ്പിള്ളി | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 |
| ഫാ. ഗോഡ്വിൻ കിഴക്കൂടൻ | 29 |
| ഫാ. അലക്സ് മാപ്രാണി | 29 |
| ഫാ. ജോയ് മൂക്കൻ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. റാഫി തട്ടിൽ | 29 |
| ഫാ. സോളി തട്ടിൽ | 29 |
| ഫാ. റാഫേൽ വടക്കൻ | 29 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18.09.1915 |
| ഫാ. ചിറമ്മൽ ദേവസ്സി | 00.09.1938 |
| ഫാ. അറക്കൽ ജേക്കബ് Sr. | 14.09.1946 |
| ഫാ. വാഴപ്പിള്ളി പോൾ | 17.09.1952 |
| ഫാ. ബ്രഹ്മകുളം സെബാസ്റ്റ്യൻ | 03.09.1960 |
| ഫാ. കൊടിയൻ ആന്റണി | 04.09.1960 |
| ഫാ. അടമ്പുകുളം തോമസ് | 14.09.1962 |
| ഫാ. മാളിയേക്കൽ ആന്റണി | 28.09.1968 |
| ഫാ. മഞ്ഞളി ജോസഫ് | 01.09.1969 |
| ഫാ. ചെറയത്ത് ജോൺ | 19.09.1970 |
| ഫാ. മാമ്പിള്ളി അബ്രാഹം | 02.09.1972 |
| ഫാ. പ്ലാശ്ശേരി ജോൺ | 11.09.1973 |
| ഫാ. ചെമ്മണ്ണൂർ ജേക്കബ് | 20.09.1977 |
| ഫാ. മാളിയേക്കൽ ജോൺ Sr. | 30.09.1978 |
| ഫാ. ചിറമ്മൽ ജോൺ | 06.09.1990 |
| ഫാ. കൂനൻ ജോർജ്ജ് | 09.09.1996 |
| ഫാ. തട്ടിൽ അഗസ്റ്റിൻ | 25.09.1996 |
| മോൺ. മാളിയേക്കൽ ആന്റണി | 03.09.2001 |
| ഫാ. തോട്ടാൻ ആന്റണി Sr. | 29.09.2001 |
| ഫാ. മാളിയേക്കൽ ജോസഫ് | 11.09.2009 |
| ഫാ. ഐനിക്കൽ ജേക്കബ് | 19.09.2010 |
| ഫാ. അക്കര അഗസ്റ്റിൻ | 15.09.2012 |
| ഫാ. മാറോക്കി പോൾ | 10.09.2017 |
| ഫാ. അറയ്ക്കൽ സെബാസ്റ്റ്യൻ | 20.09.2019 |

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ,

നിങ്ങൾ ഓണവും, ഓണാവധിയും വേണ്ടുവോളം ആസ്വദിച്ചിട്ടുണ്ടാകും എന്ന് ഞാൻ കരുതുന്നു. മാവേലി തമ്പുരാൻ നാടുവാണിരുന്ന കഥകളും, ആ നല്ലകാലത്തെ വിശേഷങ്ങളും മുതിർന്നവർ നിങ്ങൾക്ക് പറഞ്ഞു തന്നിട്ടുണ്ടാകും. നന്മയും ഐശ്വര്യവും സമൃദ്ധിയും നിറഞ്ഞ ആ നല്ല നാളുകൾ ഓണം ആഘോഷിക്കുന്ന ഓരോ മലയാളിയുടെയും സ്വപ്നം കൂടിയാണ്. എന്തായാലും പൂക്കളവും, ഓണസദ്യയും ഓണക്കളികളും, ഓണക്കോടിയും എല്ലാമായി ഓണം നിങ്ങൾ പൊടിപൊടിച്ചിട്ടുണ്ടാകും എന്ന് വിശ്വസിക്കുന്നു. ഇത്തരം നല്ല ഓർമ്മകളും, സൗഹൃദങ്ങളും നിങ്ങളുടെ മനസ്സിൽ എന്നും ഉണ്ടാകട്ടെയെന്ന് ഞാൻ ആശംസി ക്കുന്നു.

സെപ്റ്റംബർ മാസം തിരുനാൾ ആഘോഷിക്കുന്ന രണ്ട് വിശുദ്ധരെ നിങ്ങൾക്ക് പ്രത്യേകം പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഇടവകകളിൽ പാവപ്പെട്ടവരെയും, അശരണരെയും സഹായിക്കാൻ മുന്നിട്ടുനിൽക്കുന്ന വിൻസെന്റ് ഡി. പോൾ എന്ന സൊസൈറ്റിയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകും. ഈ സംഘടനയുമായി ബന്ധപ്പെട്ട വിശുദ്ധ വിൻസെന്റ് ഡി. പോൾ (തിരുനാൾ സെപ്റ്റംബർ 27), വാഴ്ത്തപ്പെട്ട ഫ്രെഡ്രിക് ഓസാനം (തിരുനാൾ സെപ്റ്റംബർ 09) എന്നിവരെക്കുറിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്.

വിശുദ്ധ വിൻസെന്റ് ഡി. പോൾ ഫ്രാൻസിലെ ഒരു വൈദികൻ ആയിരുന്നു. ഈശോയോടുള്ള സ്നേഹത്താൽ ജ്വലിക്കുകയും തൽഫലമായി അവിടുത്തെ മുഖം അശരണരിൽ ദർശിച്ച് അവരെ ശുശ്രൂഷിക്കാൻ ഇറങ്ങിത്തിരിക്കുകയും ചെയ്ത മഹത്‌വ്യക്തിയാണ് അദ്ദേഹം. ഈശോയെപ്രതി മറ്റുള്ളവരെ സഹായിക്കുമ്പോൾ നാം ഈശോയോടുള്ള സ്നേഹത്തിലും, വിശ്വാസത്തിലും ആഴപ്പെടുമെന്ന് അദ്ദേഹം കൂടെ ക്കൂടെ പറയുമായിരുന്നു. അങ്ങനെ അദ്ദേഹം ഈശോയുടെ സ്നേഹം ആവോളം മറ്റുള്ളവർക്ക് പകർന്നു നൽകി.

വിശുദ്ധ വിൻസെൻറ് ഡി. പോളിന്റെ മാതൃക പിൻചെന്ന് വാഴ്ത്തപ്പെട്ട ഫെഡ്രിക് ഓസാനം സ്ഥാപിച്ചതാണ് വിൻസെൻറ് ഡി. പോൾ സൊസൈറ്റി. കുടുംബ ജീവിതം നയിച്ചിരുന്ന ഫെഡ്രിക്, പ്രഗത്ഭനായ ഒരു അധ്യാപകനായിരുന്നു. തന്റെ ജീവിതത്തിൽ കാരുണ്യപ്രവർത്തി കൾക്ക് അദ്ദേഹം ആവശ്യത്തിലേറെ സമയം നീക്കിവെച്ചു. കുടുംബ ജീവിതം നയിക്കുന്നവർക്കും ക്രിസ്തുവിന്റെ കാരുണ്യ പ്രവർത്തികളിൽ പങ്കുചേരാൻ കടമയുണ്ടെന്ന് ഈ പുണ്യാത്മാവ് നമ്മെ ഓർമിപ്പിക്കുന്നു. നൂറ്റാണ്ടുകൾക്ക് മുൻപ് ഈ വിശുദ്ധർ തുടങ്ങിവച്ച കാരുണ്യ പ്രവർത്തികൾ ഇന്നും നമ്മുടെ ഇടയിൽ ക്രിസ്തുവിന്റെ സ്നേഹം പരത്തിക്കൊണ്ടിരിക്കുന്നു.

സ്നേഹമുള്ള കൂട്ടുകാരെ നിങ്ങൾ ഈശോയെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ മാത്രംപോരാ, മറിച്ച് ആ സ്നേഹം പ്രകടിപ്പിക്കുക കൂടി വേണം. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് (മത്താ.25:40) എന്ന ഈശോയുടെ വചനം ഹൃദയത്തിൽ സൂക്ഷിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത വിശുദ്ധ മദർ തെരേസയുടെ (തിരുനാൾ സെപ്റ്റംബർ 05) മാതൃക നമ്മുടെ മുമ്പി ലുണ്ട്. വി. മദർ തെരേസ പകർന്നുകൊടുത്ത ദൈവസ്നേഹം ഇന്നും മായാതെ മനുഷ്യഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ഈ വിശുദ്ധരെ പ്പോലെ ആവശ്യത്തിലിരിക്കുന്ന നിങ്ങളുടെ സഹോദരങ്ങളെ കാണാനും ഈശോയെപ്രതി അവരെ സഹായിക്കാനും സ്നേഹിക്കാനും നിങ്ങൾ പരിശ്രമിക്കണം. അങ്ങനെ ഈശോയുടെ കുഞ്ഞുവിശുദ്ധരായി നിങ്ങളും മാറട്ടെ.

അടുത്തുവരുന്ന മാതാവിന്റെ ജനനത്തിരുനാളിന്റെയും (സെപ്റ്റംബർ 08), വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെയും (സെപ്റ്റംബർ 14), വ്യാകുല മാതാവിന്റെ തിരുനാളിന്റെയും (സെപ്റ്റം ബർ 15) അനുഗ്രഹങ്ങളും ആശംസകളും നിങ്ങൾക്കോരോരുത്തർക്കും നേരുന്നു. യേശുവിന്റെ രക്ഷയുടെ കുരിശ് നിങ്ങൾക്ക് രക്ഷയുടെ അടയാളമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

ദൈവേഷ്ടം മാത്രം നിറവേറ്റാൻ ജീവിച്ച പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഗതമാകുകയാണ്. കൃപനിറഞ്ഞവളും കർത്താവു കൂടെയുണ്ടായിരുന്നവളുമായ അവൾ കടുത്ത ജീവിത സഹനങ്ങളിലൂടെ കടന്നുപോയി. പക്ഷേ, ആ യാത്ര പരാജയങ്ങളുടെ പാതാളങ്ങളിലേക്കായിരുന്നില്ല. ഈശോയോടൊപ്പമുള്ള സ്വർഗ്ഗീയ മഹത്വത്തിലേക്കാണ്. സകല തലമുറകളും അനുഗൃഹീത എന്നു വിളിക്കുന്ന ജന്മം! സ്വർഗ്ഗീയ മഹത്വത്തെ ലക്ഷ്യം വച്ച് മുന്നേറി നമ്മുടെയും ജന്മത്തെ സഫലമാക്കാൻ പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ പ്രചോദനം നൽകട്ടെ. അടുത്തമാസം അർദ്ധവാർഷിക പരീക്ഷകൾ വരികയാണ്. പരീക്ഷക്കായി കുട്ടികളെ നന്നായി ഒരുക്കുമല്ലോ.

**I. SUNDAY CATECHISM**

**1.സെപ്റ്റംബർ മാസത്തിൽ നടക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളുടെ വിവരങ്ങൾ**

ക്രിസ് ഫോം 1 സെപ്റ്റംബർ 1–3, 15 –17, 29–ഒക്ടോ. 1

ക്രിസ്ഫോം 2 സെപ്റ്റംബർ 8–10

ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**2. ക്രിസ്ഫോം III & ഫ്രഷേഴ്സ് ട്രെയ്നിങ്ങ് കോഴ്സ്**

പുതിയതായി ചേരുന്ന യുവ വിശ്വാസപരിശീലകർക്ക് വേണ്ടിയുള്ളതാണ് ഈ കോഴ്സ്. ആഗസ്റ്റ് 20 ന് ആദ്യത്തെ കോഴ്സ് നടന്നു. അടുത്ത രണ്ട് കോഴ്സുകൾ സെപ്റ്റംബർ 10, ഡിസംബർ 14 എന്നീ തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. എല്ലാ പുതിയ സ്റ്റാഫ് അംഗങ്ങളും ഈ പരിശീലനത്തിന്റെ എല്ലാ സെഷനുകളിലും പൂർണ്ണമായും പങ്കെടുക്കണം.

**3. യൂണിറ്റ് വിസിറ്റ്**

യൂണിറ്റ് വിസിറ്റ് നടന്നുകൊണ്ടിരിക്കുന്നു.

**4. പ്രിൻസിപ്പൽമാരുടെ കോൺഫ്രൻസ്**

തിയതി: ഒക്ടോബർ 1 – ഞായർ, 2 pm - 5 pm

സ്ഥലം: ഡിബിസിഎൽസി

**5. സാമൂഹ്യപ്രതിബദ്ധതാ ദിനം**

ഒക്ടോബർ 2 വിശ്വാസപരിശീലനകേന്ദ്രം സാമൂഹ്യപ്രതിബദ്ധതാ ദിനമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി തൃശ്ശൂർ നഗരത്തിൽ വിവിധ പ്രവർത്തനങ്ങൾ ഒരുക്കുന്നുണ്ട്. സോഷ്യൽ മിനിസ്ട്രി ആനിമേറ്റേ

ഴ്സിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റുകളിൽ നിന്ന് 11, 12, എ.സി.സി. വിദ്യാർത്ഥികളെ ഇതിൽ രജിസ്റ്റർ ചെയ്ത് പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന യൂണിറ്റുകൾക്ക് പ്രത്യേകസമ്മാനം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾ വൈകാതെ അറിയിക്കുന്നതാണ്.

**6. അർദ്ധവാർഷിക പരീക്ഷകൾ**

ഒക്ടോബർ 8: I, III, V, VII, IX, XI 2pm - 4 pm

ഒക്ടോബർ 15: II, IV, VI, VIII, X, XII, ACC 2pm - 4 pm

Ref : Annual Programme Page No. 18-22

വിശ്വാസപരിശീലകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. വിശ്വാസപരിശീലന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും നൽകുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയത്തിനാവശ്യമായ ഉത്തരസൂചിക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ബ്ലോഗിലും, വെബ്സൈറ്റിലും, വാട്സാപ്പ് ഗ്രൂപ്പുകളിലും പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വാസപരിശീലനവിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്.

**7. നമസ്കാരങ്ങൾ**

വാർഷികപ്രോഗ്രാമിൽ നിന്നും വ്യത്യസ്തമായി ക്ലാസ്സ് 3, 4 കാരെ പഠിപ്പിക്കേണ്ട നമസ്കാരങ്ങൾ താഴെ കൊടുക്കുന്നു.

കുരിശടയാളം ചെറുത്, വലുത്, നന്മ നിറഞ്ഞ മറിയമേ, ത്രിത്വസ്തുതി, സ്വർഗ്ഗസ്ഥനായ പിതാവേ, എത്രയും ദയയുള്ള മാതാവേ, പരിശുദ്ധ രാജ്ഞി, വിശുദ്ധവാര ത്രിസന്ധ്യാജപം, സാധാരണ ത്രിസന്ധ്യാജപം. മറ്റു ക്ലാസ്സുകാർക്ക് വാർഷികപ്രോഗ്രാമിൽ ഉള്ളതുപോലെ തന്നെ.

**8. സോഫ്റ്റ് വെയറും പരീക്ഷകളും**

വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ യൂണിറ്റുകൾക്ക് നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summary' യിൽ നിന്നുമാണ്. അതനുസരിച്ചുള്ള എണ്ണം ചോദ്യ

പേപ്പർ ആണ് യൂണിറ്റുകളിലേക്ക് നൽകുന്നത്. സെപ്റ്റംബർ 10 നു ശേഷം 'Student Summary' യിൽ വരുത്തുന്ന മാറ്റങ്ങൾ യൂണിറ്റിലേക്കു തരുന്ന ചോദ്യപേപ്പറിന്റെ എണ്ണത്തിൽ ഉണ്ടായിരിക്കുകയില്ല. ആയതിനാൽ വിദ്യാർത്ഥികളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

**9. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix)ആണ് അപ്‌ലോഡ് ചെയ്യേണ്ടത്).

**10. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ ഡി. ബി. സി. എൽ. സി. യിലെ റിലീജിയസ് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**11. ലീഡേഴ്സ് മീറ്റ്**

ആഗസ്റ്റ് 13–ാം തീയതി ഞായറാഴ്ച രാവിലെ 9 മുതൽ 4.30 pm വരെ ഡി ബി സി എൽ സി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ലീഡേഴ്സ് സംഗമം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സംഗമത്തിൽ റവ. ഫാ. ജെറിൻ തുരുത്തേൽ സി.എം.ഐ., ഫാ. ടിജോ മുള്ളക്കര തുടങ്ങിയവർ നേതൃത്വപരിശീലന ക്ലാസ്സുകൾ നയിച്ചു. മിസ്. ആൻ സെബാസ്റ്റ്യൻ, റിനു തോമസ്, നിഖിൽ രാജ് എന്നിവരെ ഉൾപ്പെടുത്തി ഒരു പാനൽ ഷെയറിങ്ങും ഉണ്ടായിരുന്നു. ഡി.ബി.സി.എൽ.സി. ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ, അസിസ്റ്റൻറ് ഡയറക്ടർ റവ ഫാ. സിജോ മുരിങ്ങാത്തേരി, കാറ്റക്കറ്റിക്കൽ കൗൺസിൽ കൺവീനർ മി. ജോർജ് വി കെ, മിസ് ഷെറിൽ സിജോ തുടങ്ങിയവർ പ്രസ്തുത പ്രോഗ്രാമിന് നേതൃത്വം നൽകി. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി ആയിരത്തോളം വിശ്വാസ പരിശീലന വിദ്യാർത്ഥി ലീഡേഴ്സ് പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു.

**12.** Merit Day & ACC Convocation

ആഗസ്റ്റ് 15–ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മുതൽ ഡി.ബി.സി.എൽ. സി. ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട മെറിറ്റ് ഡേ & എ.സി.സി. കൊൺവെക്കേഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. സിജോ മുരിങ്ങാത്തേരി സ്വാഗതം പറഞ്ഞു. മോൺ. ജോസ് കോനിക്കര അനുഗ്രഹ പ്രഭാഷണം നടത്തി. പുതിയ വെബ്സൈറ്റ്

ഉദ്ഘാടനം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തും വിശ്വാസ പരിശീലനകേന്ദ്രം ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂരും ചേർന്ന് നിർവ്വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഡയറക്ടർ റവ. ഡോ. പോൾ പുളിക്കൻ സദസിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

ഡെയിലി കാറ്റക്കിസം പ്രതിനിധി റവ.സി. ആഗ്നസ് സി എം സി ആശംസകൾ അർപ്പിച്ചു. വിവിധ മേഖലകളിൽ വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ യോഗം അനുമോദിക്കുകയും ബിരുദ സർട്ടിഫിക്കറ്റുകൾ സമ്മാനിക്കുകയും ചെയ്തു.

ഒന്നു മുതൽ എ.സി.സി. വരെ മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ, എ.സി.സി., പ്ലസ്ടു റാങ്ക് ഹോൾഡേഴ്സ്, സൺഡേ കാറ്റകിസം, ഡെയ്‌ലി കാറ്റക്കിസം സ്കോളർഷിപ്പ് പരീക്ഷകളിൽ റാങ്ക് നേടിയ വിദ്യാർത്ഥികൾ, കൂടുതൽ സ്കോർ നേടിയ സ്കൂളുകൾ, പ്രതിഭാപുരസ്കാരം, സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ്, മിഷൻക്വസ്റ്റ്, ലേ ലീഡർഷിപ്പ് നടത്തിയ മത്സരങ്ങളായ പ്രസംഗം, കഥ, കവിത, ഉപന്യാസം, ഇന്നവേറ്റീവ് ഐഡിയ മീറ്റ് എന്നിവയ്ക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്തു. തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി 1200 ഓളം വിദ്യാർത്ഥികൾ വിശ്വാസ പരിശീലനം പൂർത്തിയാക്കി ബിരുദ സർട്ടിഫിക്കറ്റ് സ്വീകരിച്ചു. റവ. ഡോ. ലിജോ ചാലിശ്ശേരി നന്ദി പറഞ്ഞു.

**II. ഡെയ്‌ലി കാറ്റകിസം**

**1. സ്കൂൾ വേദോപദേശം & സന്മാർഗ്ഗശാസ്ത്രം അർദ്ധവാർഷിക പരീക്ഷകൾ**

**സെപ്റ്റംബർ 29 വെള്ളി.**

രാവിലെ : Std. I, III, V, VII, IX

ഉച്ചതിരിഞ്ഞ്: Std. II, IV, VI, VIII, X, XII

അഫിലിയേഷൻ ഫീ അടക്കാത്തവരും സ്റ്റാറ്റിസ്റ്റിക്സ് ഫോം തരാത്തവരും എത്രയും പെട്ടെന്ന് തരേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോം തന്നവരുടെ ചോദ്യപേപ്പർ മാത്രമാണ് ഇവിടെ തയ്യാറാക്കുന്നത്.

**II.** സെപ്റ്റംബർ 25 മുതൽ ചോദ്യപേപ്പറുകൾ കാറ്റക്കിസം ഓഫീസിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

പ്രാർത്ഥനയോടെ,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

ഈ സെമസ്റ്ററിലെ Theological and Pastoral Reflection on Communication (Rev. Dr. Daijo Poruthur), History of Philosophy (Rev. Dr. Sinto Porathur), Christology and Eschatology (Rev. Dr. Sebastian Chalakkal) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ഓഗസ്റ്റ് 06, 20 ന് ആദ്ധ്യാത്മിക ദൈവശാസ്ത്രം (Rev. Dr. Dijo Olakkengil), യുഗാന്ത്യ ദൈവശാസ്ത്രം (Rev. Dr. Sebastian Chalackal) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Online Certificate Course in Theology (Two Years)**

ഓഗസ്റ്റ് **27 ന് മാനസികാരോഗ്യവും ആദ്ധ്യാത്മികതയും** (Rev. Dr. Sijohn Kuzhikkattumyalil) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**4. Basic Bible Course (BBC)**

ഓഗസ്റ്റ് മാസം ക്ലാസ്സ് നയിച്ചവർ Rev. Fr. Linson Thattil, Rev. Fr. Denny Chirayath

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**Mid-Semester Exams**

തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആദ്യഘട്ട പരീക്ഷകൾ ജൂലൈ 14 മുതൽ 22 വരെ ദിവസങ്ങളിൽ നടന്നു.

### മാർ ഇവാനിയോസ് ദിനം

ജൂലൈ 15ന് ഗീവർഗീസ് മാർ ഇവാനിയോസ് ബാവയുടെ ഓർമ്മപെരുന്നാളിനോടനുബന്ധിച്ച സീറോ മലങ്കര റീത്തിൽ ദിവ്യബലിയർപ്പണം നടന്നു.

### അനുശോചനം

രണ്ടാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥിയായ ബ്രദർ അബിൻ നെല്ലിക്കാട്ടിലിന്റെ വത്സലപിതാവ് ബാബു എൻ. പി. ജൂലൈ 12ന് നിര്യാതനായി. അദ്ദേഹത്തിൻറെ മൃതസംസ്കാര ചടങ്ങുകൾ 14ന് നടത്തപ്പെട്ടു. സെമിനാരിയിൽ നിന്ന് വൈദികരും സഹപാഠികളും ചടങ്ങിൽ പങ്കെടുത്തു. ഫാദർ പോൾ പുളിക്കന്റെ വത്സല പിതാവ് ആന്റണി മാസ്റ്റർ ജൂലൈ 15ന് നിര്യാതനായി. 16ന് ഉച്ചതിരിഞ്ഞ് 4 മണിക്ക് നടത്തപ്പെട്ട മൃതസംസ്കാര ചടങ്ങിൽ സെമിനാരി കുടുംബം പങ്കെടുത്തു.

### Ministerial Staff Gathering

ജൂലൈ 24ന് സെമിനാരി കുടുംബത്തിൽ ശുശ്രൂഷകൾ ചെയ്തുവരുന്ന സഹോദരങ്ങളുടെ സംഗമം സംഘടിപ്പിച്ചു. ഫാദർ ജിക്സൺ താഴത്ത് അവർക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. അന്നേദിവസം രണ്ട് മണി മുതൽ 4 മണി വരെ സെമിനാരി കുടുംബം അവരോടൊപ്പം സമയം ചെലവഴിച്ചു. അവർക്കായി പ്രത്യേകം ഒരുക്കിയ സമ്മാനങ്ങൾ റെക്ടറച്ചൻ കൈമാറി.

### Minor Seminary Rectors and Superiors Gathering

ജൂബിലിയോട് അനുബന്ധിച്ച് ജൂലൈ 26ന് മേരിമാതാ സെമിനാരിയിലെ വൈദികാർത്ഥികളുടെ രൂപതകളിൽ നിന്നും സന്യാസസഭകളിൽ നിന്നും പ്രതിനിധികൾ സെമിനാരിയിൽ ഒത്തുകൂടി. അന്നേ ദിവസം 11 മണിക്ക് സെമിനാരിയിലെ വൈദികരുമായി അവരുടെ ഔദ്യോഗിക കൂടിക്കാഴ്ചയും തുടർന്ന് ഉച്ചഭക്ഷണത്തിനുശേഷം സെമിനാരി കുടുംബം ഒന്നുചേർന്നുള്ള കൂടിക്കാഴ്ചയും നടന്നു.

### വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ആചരണം

ജൂലൈ 28 ന് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിവസം ഫാദർ അരുൺ കാഞ്ഞിരത്തിങ്കൽ ദിവ്യബലി അർപ്പിച്ചു. അന്നേദിവസം വൈകിട്ട് 7 മണിക്ക് ഒന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഒരുക്കിയ നാടകം ‘ഉടലാഴങ്ങൾക്കപ്പുറം‘ അരങ്ങേറി.

### One Day Outing

ഈ വർഷത്തെ one day outing ജൂലൈ 23 തീയതി ആയിരുന്നു. പ്രഭാതത്തിലെ ദിവ്യബലിക്ക് ശേഷം വിദ്യാർത്ഥികൾ എല്ലാവരും വിവിധ സ്ഥലങ്ങൾ സന്ദർശിക്കാനായി യാത്രയായി. വിവിധങ്ങളായ ചരിത്ര പ്രാ

ധാന്യമുള്ള സ്ഥലങ്ങൾ, കലാസാഹിത്യ കേന്ദ്രങ്ങൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാൻ ഈ യാത്ര ഉപകരിച്ചു. ഒരുമിച്ചുള്ള യാത്ര കൂടുതൽ അറിയുവാനും മാനസിക ഉല്ലാസത്തിനും സഹായിച്ചു എന്നത് യാത്രയുടെ വിജയം ആയി.

**ഹോം ഡേ ഉദ്ഘാടനം**

2023–2024 അധ്യയന വർഷത്തെ ഹോം ഡേ Zikkaron 2k23 ഉദ്ഘാടനം ഓഗസ്റ്റ് 1ന് നടത്തപ്പെട്ടു. ഫാദർ ജോമോൻ താണിക്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**വിയാനി ദിനം**

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഫാദർ റോയ് മൂക്കൻ ദിവ്യബലി അർപ്പിച്ചു. അതിന് വിശേഷം സെമിനാരി കുടുംബം മുഴുവൻ ഒന്നിച്ചുചേർന്ന സ്നേഹവിരുന്നിൽ എല്ലാ വൈദികർക്കും തിരുനാൾ ആശംസകൾ നേർന്നു. അന്നേ ദിവസം എല്ലാ ബാച്ചുകാരെയും ഉൾപ്പെടുത്തി ഒരുക്കിയ ക്രിക്കറ്റ് മൽസരത്തിൽ മൂന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾ ജയിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual patron Membership

ശ്രീ. പി. കെ. ഷാജു പെല്ലിശ്ശേരി ഹൗസ്, അമ്മാടം, തൃശൂർ.

Indivual Benefactor Membership

ശ്രീ. വി. ഡി. ജോസഫ്, വാഴപ്പിള്ളി ഹൗസ്, കൂനംമൂച്ചി, തൃശൂർ.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അതിരൂപത വൈദിക കൂട്ടായ്മ**

തൃശൂർ അതിരൂപതയിലെ വൈദിക കൂട്ടായ്മ 2023 ജൂലായ് 25–ാം തിയ്യതി മൈനർ സെമിനാരിയിൽവെച്ച് കൂടുകയുണ്ടായി. വൈദികരുടെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ–രജതജൂബിലിയും വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളും സമുചിതമായി ആഘോഷിച്ചു.

**വിശുദ്ധ വിയാനിയുടെ തിരുനാൾ**

വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4–ാം തിയ്യതി സമുചിതമായി ആഘോഷിച്ചു. ചിയ്യാരം വിജയമാതാ ഇടവക വികാരി ബഹു. ജെയ്സൻ പുലിക്കോട്ടിൽ അച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**മാസ ധ്യാനം**

ആഗസ്റ്റ് 11, 12 തിയ്യതികളിൽ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട മാസധ്യാനത്തിന് ബഹു. ആന്റണി വേലത്തിപ്പറമ്പിൽ സി.എം.ഐ. അച്ചനും ആഗസ്റ്റ് 10, 11 തിയ്യതികളിൽ ഡിഗ്രി വൈദിക വിദ്യാർത്ഥികൾക്കായി നടത്തിയ മാസധ്യാനത്തിന് ബഹു. ലിജോ ബ്രഹ്മകുളം സി.എം.ഐ. അച്ചനും നേതൃത്വം വഹിച്ചു.

**സ്വർഗ്ഗാരോപണ തിരുനാൾ – ഇന്ത്യൻ സ്വാതന്ത്ര്യദിനം**

ആഘോഷമായ തിരുനാൾ വിശുദ്ധ കുർബ്ബാനക്ക് ദീപിക തൃശൂർ റസിഡന്റ് മാനേജർ ബഹു. ജിയോ തെക്കിനിയത്ത് അച്ചൻ കാർമ്മികത്വം വഹിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ പതാക ഉയർത്തിയതിനുശേഷം ബ്രദർ ബ്രിട്ടോ തെക്കേക്കര സ്വാതന്ത്ര്യദിന സന്ദേശം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ വിൻസെന്റ് പി. ഐ., പൊറത്തൂർ ഹൗസ്, വെള്ളാറ്റഞ്ഞൂർ
2. ശ്രീ. ജോസി ബി. ചാക്കോ, ബ്രഹ്മകുളം ഹൗസ്, കാഞ്ഞാണി
3. ഫാ. പോൾ അറയ്ക്കൽ, തൃശൂർ അതിരൂപത
4. പ്രൊഫ. വർഗ്ഗീസ് സി. സി., തട്ടിൽ ചീനിക്കൽ ഹൗസ്, കുറ്റൂർ
5. ശ്രീമതി ഷീജ വി. എ., താണ്ടിയിക്കൽ ഹൗസ്, അന്തിക്കാട്
6. ശ്രീ. ഒ. ടി. ജോസഫ് ലിയോ, ഒലക്കേങ്കിൽ ഹൗസ്, പാവറട്ടി
7. ശ്രീമതി ക്ലാര, കിടങ്ങത്തുപറമ്പിൽ ഹൗസ്, അയ്യന്തോൾ
8. ശ്രീമതി മേഴ്സി ജോസഫ്, കുരുതുകുളങ്ങര ഹൗസ്, മനക്കൊടി, അരിമ്പൂർ
9. ശ്രമതി അൽഫോൻസ സി.എ., ചിറയത്ത് ഹൗസ്, എൽത്തുരുത്ത്
10. സെന്റ് ജോൺ മരിയ വിയാനി കുടുംബകൂട്ടായ്മ, സെന്റ് ആന്റണീസ് ചർച്ച്, വടക്കേ കാരമുക്ക്

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ബിരുദദാന ചടങ്ങ് :**

ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിലെ 16–ാം ബാച്ച് ബി.എസ്.സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടേയും 8–ാം ബാച്ച് എം.എസ്.സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടേയും ബിരുദദാന ചടങ്ങ് നടന്നു. ബിഷപ്പ് മാർ ടോണി നീലങ്കാവിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങ് തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ. വി. ആർ. കൃഷ്ണ തേജ IAS ഉദ്ഘാടനം ചെയ്തു. കേരള ഹെൽത്ത് യൂണിവേഴ്സിറ്റി പ്രോ–വൈസ് ചാൻസിലർ ഡോ. സി. പി. വിജയൻ ബിരുദദാനം നിർവ്വഹിച്ചു. ജെറിയാട്രിക്ക് ക്ലബ്ബിന്റേയും ആഡ് ഓൺ കോഴ്സുകളായ ബയോഎത്തിക്സിന്റേയും ഫോറൻസിക്ക് നഴ്സിങ്ങിന്റേയും ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു.

**ഡോ. അലൻ ഡേവിസ് ആലപ്പാട്ടിന് അവാർഡ്**

തൃശ്ശൂരിലെ ജൂബിലി മിഷൻ ആശുപത്രിയുടെ സ്ഥാപക ഡയറക്ടറായ മോൺ. മാത്യു മുരിങ്ങാത്തേരിയുടെ ഓർമ്മക്കായി ഏർപ്പെടുത്തിയ ഹെൽത്ത് കെയർ മിഷനറി അവാർഡിന് മഹാരാഷ്ട്ര കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. അലൻ ഡേവിസ് ആലപ്പാട്ട് അർഹനായി. റിട്ട. സുപ്രീം കോടതി ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ് നേതൃത്വം നൽകിയ പന്ത്രണ്ടംഗസമിതിയാണ് നിരവധി നോമിനേഷനുകളിൽ നിന്നും ഡോ. അലൻ ഡേവിസ് ആലപ്പാട്ടിനെ അവാർഡിനായി തിരഞ്ഞെടുത്തത്.

**ജൂബിലി നഴ്സിങ്ങ് കോളേജ് ഫസ്റ്റ് റണ്ണർ അപ്പ്**

സ്റ്റുഡന്റ് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യ, കേരള ബ്രാഞ്ച്, നോർത്ത് ഈസ്റ്റ് സോണിന്റെ കായികമേളയിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് ഫസ്റ്റ് റണ്ണർ അപ്പ് സ്ഥാനം നേടി. വ്യക്തിഗതചാമ്പ്യനായി ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ അഖില പി. എസ്. തിരഞ്ഞെടുക്കപ്പെട്ടു.

**അഭിനന്ദനങ്ങൾ**

- സംസ്ഥാന ഖേലോ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഡിസ്കസ് ത്രോയിൽ 55 വയസ്സിന് മുകളിലുള്ള വിഭാഗത്തിൽ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റിലെ എ. ആർ. ഷാജു രണ്ടാം സ്ഥാനം നേടി.
- മഹാരാഷ്ട്രയിൽ വെച്ച് നടന്ന സീനിയർ വുമൺസ് നാഷണൽ ഹോ

ക്കി ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയ കേരള ഹോക്കി ടീമിന്റ ക്യാപ്റ്റൻ ജൂബിലി മിഷൻ ആശുപത്രി ജീവനക്കാരി നീതു പി. ജെ. ആയിരുന്നു.

- ക്ലിനിക്കൽ ഹെമറ്റോളജി പ്രൊഫിഷ്യൻസി ഓറിയന്റഡ് സ്റ്റുഡന്റ് ഇന്ററസ്റ്റ് പ്രോഗ്രാം ക്വിസ് ചാമ്പ്യൻഷിപ്പിൽ ഡോ. അരുൺ നായക് (സെക്കൻഡ് ഇയർ പി. ജി., ട്രാൻസ്ഫ്യൂഷൻ മെഡിസിൻ), ഡോ. ജുനിത്ത് തോമസ് (ഫസ്റ്റ്ഇയർ, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ), ഡോ. റൂപ തോമസ് (ഫസ്റ്റ് ഇയർ പി. ജി., ജനറൽ മെഡിസിൻ) എന്നിവർ സെക്കൻഡ് റണ്ണേഴ്സ് അപ്പ് ആയി.
- ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CMAI) ഡിപ്ലോമ ഇൻ അനസ്തേഷ്യ ടെക്നോളജി ദേശീയതല പരീക്ഷ യിൽ ജൂബിലിയിലെ സുജിത്ത് ടി. എ., അമേലിയ ആന്റോ (2021–23 ബാച്ച്) യഥാക്രമം രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും കരസ്ഥ മാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സ്മൃതിതീരം, സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യലേറ്റ്, ഒളരിക്കര, തൃശ്ശൂർ
- സെന്റ് ജെയിംസ് വാർഡ് സ്റ്റാഫംഗങ്ങൾ, ഡയമണ്ട് ജൂബിലി ബ്ലോക്ക്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- മൊണാർക്ക് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- കെവിൻ, പുത്തുമ്പൻച്ചിറ ഹൗസ്, മണ്ണുത്തി, തൃശ്ശൂർ
- സി. വി. ഏലിയാസ്, ചുണ്ടത്ത് ഹൗസ്, മൂന്നുമുറി, തൃശ്ശൂർ
- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- ഫെബ്സൺ പീറ്റർ, വാഴപ്പിള്ളി, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ബേബി പി. എ, ഇൻഷൂറൻസ് ഓഫീസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജെസ്സി ജോസ്, മേനാച്ചേരി ഹൗസ്, പറവൂർ
- ആതിരമോൾ വി. എസ്, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സിജോ പി. ഡി, (കൊച്ചുമറിയം), കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- ഷിനോ ജോൺ, പവർ ഹൗസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

• ആദി ലക്ഷ്മി, C/o ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

• ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

### 1. Technical Talk - Towards a Safe Road Culture

28.03.2023 ന് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം Towards a Safe Road Culture എന്ന വിഷയത്തെ അധികരിച്ച് ഠലരവിശരമഹ ഠമഹസ സംഘടിപ്പിച്ചു. ട്രാഫിക് എഞ്ചിനീയറിംഗ് ആന്റ് സേഫ്റ്റി ഡിവിഷൻ മേധാവി വി.എസ്. സഞ്ജയ് കുമാർ മുഖ്യാതിഥി ആയിരുന്നു.

### 2. Tech 4 woman

Cognizant Foundation ഉം ICT Academy യും സംയുക്തമായി കോളേജിലെ മൂന്ന്, നാല് വർഷ വിദ്യാർത്ഥിനികൾക്ക് പ്ലേസ്മെന്റ് ട്രെയിനിങ്ങ് പരിപാടികൾ ആരംഭിച്ചു.

### 3. Tharang 2023

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ടെക് ഫെസ്റ്റ് (തരംഗ്) മാർച്ച് 31. ഏപ്രിൽ 1 വെള്ളി, ശനി ദിവസങ്ങളിൽ നടന്നു. വിദ്യാർത്ഥികൾ തയ്യാറാക്കിയ പ്രോജക്ട് മത്സരത്തിൽ (സൃഷ്ടി) കേരളത്തിലെ വിവിധ കലാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്തു. തരംഗിനോടനുബന്ധിച്ച് ഓൾ ഇന്ത്യ സംഘനൃത്ത മത്സരം (നൃത്യ) നടത്തി. വെർച്വൽ റിയാലിറ്റി ടെക്നോളജി, പ്രോഗ്രാമിങ്ങ് കോഡ് കോമ്പിറ്റേഷൻ, റോബോട്ടിക് ലൈൻ ഫോളോവർ, ഇലക്ട്രിക്കൽ ഹൈബ്രിഡ് വാഹനങ്ങളുടെ എക്സിബിഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വർക്ക്ഷോപ്പ്, ബിൽഡിങ്ങ് മോഡലുകളുടെ പ്രദർശനം, പ്ലാനിറ്റോറിയം, റിമോട്ട് കൺട്രോളിൽ വിമാനങ്ങളും, ഹെലികോപ്റ്ററുകളും പറത്തൽ, തുടങ്ങി നിരവധി പ്രോഗ്രാമുകൾ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ കീഴിൽ നടത്തപ്പെട്ടു.

മോട്ടോർ ഷോ, ബൈക്ക് ബൊണാൻസ്, ബാക്ക് വാർഡ് ബ്രെയിൻ സൈക്കിൾ, ഫോട്ടോഗ്രാഫി മത്സരങ്ങൾ തുടങ്ങി നിരവധി മത്സരങ്ങൾ തരംഗിനോടനുബന്ധിച്ചു ഈ ദിവസങ്ങൾ നടത്തി.

### 4. Jyothi Entrepreneur Awards

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളിലെ Best Entrepreneur നുള്ള അവാർഡ്ദാന ചടങ്ങ് 5.4.2023 നു നടത്തി. Er. Vinod Manjilla ആയിരുന്നു മുഖ്യാതിഥി.

### 5. കോളേജ് ഡേ

2023 ഏപ്രിൽ 13 ന് കോളേജ് ഡേ ആഘോഷിച്ചു. തൃശൂർ കളക്ടർ വി. ആർ. കൃഷ്ണ തേജ കഅട ആയിരുന്നു മുഖ്യാതിഥി. വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

### 6. ഹാക്കത്തോൺ, ഹാക്ക് അതീന

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന്റെയും ഐ.ഇ.ഡി.സി സെല്ലിന്റെയും കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ ഹാക്ക് അതീന ഹാക്കത്തോൺ 2023 ഏപ്രിൽ 22,23,24 തിയ്യതികളിൽ നടത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻ അസിസ്റ്റന്റ് മാനേജർ ബെർജിൻ എസ്. റസൽ ഉദ്ഘാടനം ചെയ്തു.

### 7. ജെപിസി 2023 : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ചാമ്പ്യന്മാർ

ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒന്നാമത് ജ്യോതി പ്രൊഫസേഴ്സ് ചാമ്പ്യൻഷിപ്പ് (ജെപിസി2023) ഓൾ കേരള കോളേജ് സ്റ്റാഫ് ക്രിക്കറ്റ് ടൂർണ്ണമെന്റിൽ ചെറുതുരുത്തി ജ്യോതി എഞ്ചിനീയരിംഗ് കോളേജ് ചാമ്പ്യൻമാരായി. മികച്ച പ്രകടനം കാഴ്ചവെച്ച ജ്യോതിയിലെ വൈശാഖിനെ മികച്ച താരമായി തെരഞ്ഞെടുത്തു.

### 8. ധാരണാപത്രം ഒപ്പുവെച്ചു

കോളേജിലെ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററും Arsvitae Infotech Private Ltd ഉം ചേർന്ന് ധാരണാപത്രം ഒപ്പുവെച്ചു.

### 9. Innovatex IEEE Project Competition

IEEE IA/IE/PELS Jt. Chapter Kerala യും IEEE SB JECC യും IEEEIAS യും PELS SBC JECC യും, IEDC JECC യും സംയുക്തമായി മെയ് 9, 10 തീയതികളിൽ Project competition നടത്തി. ഫാ. ഡോ. ജോസ് കണ്ണമ്പുഴ ആയിരുന്നു മുഖ്യാതിഥി.

### 10. ധാരണാപത്രം ഒപ്പുവെച്ചു.

ജ്യോതി എഞ്ചിനീയറിംഗ് കോളേജും, Nuclear Engineering Inspection Service Company യും ചേർന്ന് ധാരണാപത്രം ഒപ്പുവെച്ചു. ഇതുപ്ര

കാരം ഫാക്കൽറ്റി അംഗങ്ങൾക്കും, വിദ്യാർത്ഥികൾക്കും NEIS ൽ ലാബ് പരിശീലനത്തിനും കൂടാതെ ME, CE, EEE ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനും, റിക്രൂട്ട്മെന്റ് പരിശീലനത്തിനും സൗകര്യം ലഭിക്കും.

**11. പരിസ്ഥിതി ദിനം**

ലോകപരിസ്ഥിതി ദിനത്തിന്റെ ഭാഗമായി അക്കാദമിക് ഡയറക്ടർ ഫാ. ഡോ. ജോസ് കണ്ണമ്പുഴ ക്യാമ്പസിൽ വൃക്ഷത്തൈ നട്ട് പരിസ്ഥിതി ദിനാചരണത്തിന് തുടക്കം കുറിച്ചു.

**12. പ്രോജക്ട് എക്സ്പോ**

2023 ജൂൺ 16 ന് കോളേജിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ പ്രോജക്റ്റ് മത്സരം നടത്തി. സെമസ്റ്റർ തലത്തിൽ വിദ്യാർത്ഥികൾ അവരുടെ പ്രോജക്ടുകൾ പ്രദർശനത്തിന് ഒരുക്കിയിരുന്നു.

**13. Farewell 2023**

BTech 2019–2023 ബാച്ചിലെയും, MTech 2021–2023 ബാച്ചിലെയും വിദ്യാർത്ഥികൾക്ക് ഉള്ള യാത്രയയപ്പ് 2023 ജൂൺ മാസം 17 ാം ന് നടത്തി.

**14. Orientation Programme**

കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി പാലക്കാട് LEAD Management College ലെ മാനേജർ ഡോ. തോമസ് ജോർജ്ജിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**15. സൈബർ സെക്യൂരിറ്റി – പുതിയ കോഴ്സ് ആരംഭിച്ചു.**

കോളേജിൽ ആധുനിക സാങ്കേതിക കാലഘട്ടത്തിൽ കുട്ടികളെ സജ്ജമാക്കുന്നതിന് സൈബർ സെക്യൂരിറ്റി പുതിയ കോഴ്സ് ആരംഭിച്ചിരിക്കുന്നു.

**16. Admission 2023**

2023 – 24 ലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഗവൺമെന്റ് സീറ്റുകളിലേക്ക് അപേക്ഷിക്കുമ്പോൾ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് കിരഞ്ഞെടുക്കുന്നതിന് ഖഋഇ എന്ന കോഡ് സെലക്ട് ചെയ്യുവാൻ ശ്രദ്ധിക്കുക.

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക : 9526924455, 9847943383

**17. Faculty Orientation Programme - IGNITE**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ജൂലൈ 18, 19, 20 തീയതികളിൽ ഇഗ്നൈറ്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് വാധ്വാനി ഫൗണ്ടേഷനുമായി ചേർന്ന് ഫാക്കൽറ്റി ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

**18. Staff Retreat 02-08-2023 - 05-08-2023**

കോളേജിലെ അദ്ധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടത്തി. 5 ദിവസങ്ങളിലായി കോളേജിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുകയും കൂടുതൽ പുരോഗതിയിലേക്ക് കോളേജിനെ നയിക്കുന്നതിന് വേണ്ട ചർച്ചകൾ നടത്തുകയും ചെയ്തു.

**19. AsthraJyothi 2023**

അഖില കേരള ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസ്ത്ര ജ്യോതി മെഗാ ക്വിസ് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: Dr. Swapna B Sasi - 9447125373, Mr. Nikhil N.S - 9947541390

**20. NASA International Space App Challenge**

നാസയുടെ ആഗോളതലത്തിൽ നടത്തുന്ന ഹാക്കത്തോണിന്റെ ആദ്യ ഘട്ട മത്സരം ഒക്ടോബർ 7, 8 തിയ്യതികളിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് യൂണിക് വേൾഡ് റോബോട്ടിക്സ് എന്ന കമ്പനിയുമായി സഹകരിച്ച് നടത്തുന്നു. രജിസ്ട്രേഷനുവേണ്ടി ഈ നമ്പറുകളിൽ ബന്ധപ്പെടുക : 9400086378, 8848189793

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**യൂണിവേഴ്സിറ്റി പരീക്ഷ**

2022–24 ബി.എഡ് ബാച്ചിന്റെ സെക്കന്റ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ ഓഗസ്റ്റ് 2 മുതൽ 7 വരെ ദിവസങ്ങളിൽ നടന്നു.

**2023–25 ബി.എഡ് ബാച്ച് അധ്യയന വർഷാരംഭം**

2023–25 ബി.എഡ് ബാച്ചിന്റെ അധ്യയനവർഷാരംഭം ഓഗസ്റ്റ് 8 ചൊവ്വാഴ്ച സംഘടിപ്പിച്ചു. കോളേജ് മാനേജർ മോൺ.റവ.ഫാ.ജോസ് കോനിക്കര പരിപാടി ഉദ്ഘാടനം ചെയ്തു.

**ഇൻഡക്ഷൻ പ്രോഗ്രാം**

ഫസ്റ്റ് ഇയർ ബി.എഡ് വിദ്യാർത്ഥികൾക്കായി ഓഗസ്റ്റ് 9, 10, 11 ദിവസങ്ങളിലായി ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ഡോ.മല്ലിക ബാല

കൃഷ്ണൻ, മി.സന്തോഷ് കലാഗ്രാം, ഡോ.ഡെയ്സൺ പാണേങ്ങാടൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ജി.ടി.എ മീറ്റിംഗ്**

2022–24 ബാച്ചിന്റെ ജി.ടി.എ മീറ്റിംഗ് ഓഗസ്റ്റ് 11 വെള്ളിയാഴ്ച മാനേജർ മോൺ.റവ.ഫാ.ജോസ് കോനിക്കര യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**സ്വാതന്ത്ര്യ ദിനാഘോഷം**

സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ സ്വാതന്ത്ര്യ ദിനാഘോഷം സംഘടിപ്പിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി സ്വാതന്ത്ര്യ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദേശഭക്തി ഗാനവും, മറ്റു കലാപരിപാടികളും സംഘടിപ്പിച്ചു.

**സിനർജി സീരീസ്**

ഓഗസ്റ്റ് 16 ബുധനാഴ്ച സിഗ്നിഫിക്കൻസ് ഓഫ് സസ്റ്റേയ്നമ്പൾ ഹാപ്പിനസ് ഇൻ ദ ഗ്ലോബൽ സിനാരിയോ എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു.

**ഓണാഘോഷം**

ഓഗസ്റ്റ് 24 വ്യാഴാഴ്ച്ച ഓണാഘോഷം സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൂക്കളമത്സരവും, ഓണ മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

**അഭിനന്ദനങ്ങൾ**

ഒറ്റപ്പാലം എൻ.എസ്.എസ് കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷനിൽ വെച്ച് നടന്ന ദേശീയ സെമിനാറിൽ പേപ്പർ പ്രസന്റേഷൻ നടത്തിയ ഒന്നാംവർഷ ബി.എഡ് വിദ്യാർത്ഥികളായ സിസ്റ്റർ ടിമി തോമസ്, മരിയ റാഫേൽ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. മുന്തിരിവള്ളികൾക്ക് പുതിയ കൂട്ടുകാരൻ**

സെന്റ് തോമസ് കോളേജിന്റെ ബോട്ടണി വിഭാഗത്തിൽ നിന്നും പുതിയ ഒരു സസ്യത്തെക്കൂടി കണ്ടെത്തി. മുന്തിരിവള്ളിയുടെ വർഗ്ഗത്തിൽപ്പെട്ട പാർത്തിനോസിസസ് വല്ലിച്ചിയാനസ് എന്ന സസ്യമാണ് ജില്ലയിലെ കായാംപൂവത്ത് നിന്ന് കണ്ടെത്തിയത്. ഡോ. ആന്റോ പി.വി യുടെ നേതൃത്വത്തിൽ ഗവേഷണം നടത്തിയ നിമ്മി സി. ഡോമിനിഗോസ്, കാലിക്കറ്റ് സർവ്വകലാശാലയിലെ ഡോ. എ.കെ. പ്രദീപ് എന്നിവരുടെ സംഘമണ് പുതിയ സസ്യത്തിന്റെ കണ്ടുപിടിത്തത്തിന്റെ പിന്നിൽ.

**2. ഗവേഷണ ബിരുദം നേടി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഗവേഷണ വിദ്യാർത്ഥിയായിരുന്ന ശ്രീ. വിഷ്ണു പ്രസാദ്, അദ്ധ്യാപകനായ ഡോ. വിജു എം.ജെ യുടെ ഗവേഷണ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി.

**3. നേട്ടം**

ജോണി തരകൻ – ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്റാങ്ക് – 18
കൈലാസ് നാഥ് – ജെ.ആർ.എഫ് – വിഷ്വൽ കമ്മ്യൂണിക്കേഷൻ
രശ്മി കെ.ആർ – ജെ.ആർ.എഫ് – ബോട്ടണി
ഏഞ്ചൽ ഡേവിസ് – നെറ്റ് – ബോട്ടണി
നേട്ടം കൈവരിച്ച വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**4. പുസ്തക പ്രകാശനം**

ഇംഗ്ലീഷ് അദ്ധ്യാപന രംഗത്ത് സമർത്ഥരായ 12 അദ്ധ്യാപകർ ചേർന്ന് എഴുതിയ ലേഖനങ്ങളുടെ ഒരു പരമ്പര ഉൾപ്പെടുന്ന ഒരു പുസ്തകം എഡിറ്റ് ചെയ്തത് ഡോ. പ്രൊഫ. വിജു എം.ജെ. ആണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി ഡോ. ലാൽ നു പുസ്തകം കൈമാറിക്കൊണ്ട് മാർ ടോണി നീലങ്കാവിൽ പുസ്തകം പ്രകാശനം ചെയ്തു.

'ടീച്ചിങ്ങ് ഓഫ് ഇംഗ്ലീഷ് ആൻഡ് ലാംഗ്വേജ് ഇൻ ഇന്ത്യ' എന്ന വഷയത്തെ ആസ്പദമാക്കി പ്രൊഫ. ഡോ. ലാൽ. സി.എ. ലക്ചർ സീരീസിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.

**5. ബിരുദ ദാനം – ലോറിയ 23**

കഴിഞ്ഞ വർഷം പഠനം പൂർത്തിയാക്കി ഉന്നത വിജയം നേടിയ വി

ദ്യാർത്ഥികളെ ലോറിയ 23 എന്ന പേരിൽ മുൻ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിറിയക്ക് തോമസ് സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

**6. ഗ്രീൻ ആർമി**

മലയാള മനോരമയുടെ 'ക്യാം പൾസ്' പ്രോഗ്രാമിൽ കോളേജിന്റെ ഗ്രീൻ ആർമിയായ ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളായ കുളവെട്ടിമര സംരക്ഷണം, നേന്ത്രവാഴകൃഷി, എള്ളുകൃഷി, ഹെർബൽ ഗാർഡൻ എന്നിവയിലുള്ള ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെ പ്രസിദ്ധീകരിച്ചതിൽ ഡിപ്പാർട്ട്മെന്റിന് അഭിനന്ദനങ്ങൾ.

**7. വർക്ക്ഷോപ്പ്**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'പഗതി' എന്ന പേരിൽ വർക്ക്ഷോപ്പ് സീരീസ് ആരംഭിച്ചു. 'സൈനിംഗ് ഓഫ് അഗ്രിമെന്റ് ഓഫ് അണ്ടർസ്റ്റാന്റിംഗ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച വർക്ക്ഷോപ്പ് എക്സിക്യൂട്ടീവ് മാനേജർ റവ.ഫാ.ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്തു.

ഐ.ക്യു.എ.സി. യുടെ ആഭിമുഖ്യത്തിൽ 'എൻ.ഇ.പി. 2020' എന്ന വിഷയത്തിൽ നടത്തിയ വർക്ക്ഷോപ്പ് എക്സിക്യൂട്ടീവ് മാനേജർ റവ .ഫാ.ബിജു പാണേങ്ങാടൻ ഉത്ഘാടനം ചെയ്തു. റിസർച്ച് ഓഫീസർ ഡോ. ഷഫീഖ്. വി. ക്ലാസുകൾ നയിച്ചു.

ബോട്ടണി ഡിപ്പാർട്ട്മെന്റും. ഒ.എസ്.എ യും സംയുക്തമായി 'വീടുകളിൽ രോഗീപരിചരണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഉത്ഘാടനം ചെയ്ത യോഗത്തിൽ ശ്രീ ജേക്കബ്. കെ.കെ., ശ്രീ. പി.എം തോമസ്, ഡോ. ഗീതു എലിസബത്ത് എന്നിവർ സംസാരിച്ചു.

കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 'സെൻസർ ബെയ്സ്ഡ് ഐയോട്ട് ആന്റ് ഇറ്റ്സ് ഇന്നവേറ്റീവ് അപ്ലിക്കേഷൻ' എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി.

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൻേയും, റീഡിങ്ങ് ക്ലബിൻേയും സംയുക്ത ആഭിമുഖ്യത്തിൽ വായന ദിനത്തോടനുബന്ധിച്ച് 'ക്രിയേറ്റീവ് റൈറ്റിങ്ങ്' വർക്ക്ഷോപ്പ് നടത്തി. ശ്രീ. ജെറി പിന്റോ മുഖ്യ അതിഥിയായിരുന്നു.

ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെൻിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. 'ഇൻട്രഡോക്ഷൻ ടു അൽട്രിക്സ് ഡിസൈനേഴ്സ്' എന്ന വിഷയത്തിൽ ശ്രീ. അഭിനവ് എം. എ. ക്ലാസുകൾ നയിച്ചു.

ഐ.ഐ.സി, ഐ.ഇ.ഡി.സി, ഫിസിക്സ്, ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 'ആർഡി ഇന്നൊ' എന്ന പേ

രിൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.
തൃശൂർ ലിറ്ററിഫോറം, ഇതിഹാസത്തിന്റെ 150 വർഷം എന്ന ശീർഷക ത്തിൽ പ്രശസ്ത കവി കുമാരനാശാനെക്കുറിച്ച് ശില്പശാല നടത്തി.

**8. കെം ഫെസ്റ്റ്**

സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വ ത്തിൽ 'കെംസ്റ്റാക്സ് ഫിയസ്റ്റ' എന്ന പേരിൽ കെമിസ്ട്രി ഫെസ്റ്റ് സം ഘടിപ്പിച്ചു.

**9. സെമിനാർ**

ഐ.ക്യു.എ.സിയുടെ ആഭിമുഖ്യത്തിൽ ഇൻട്രോഡക്ഷൻ ടു കാപ്പിറ്റൽ മാർക്കറ്റ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**10. ദിനാചരണം**

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ പോ സ്റ്റർ നിർമ്മാണ മത്സരത്തോടുകൂടി 'ലോക ജനസംഖ്യ ദിനം' ആച രിച്ചു. മത്സര വിജയികൾക്ക് സമ്മാനം നൽകി ആദരിച്ചു.

**11. രക്ത ദാന ക്യാമ്പ്**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ (എസ്.എഫ്) രക്ത ദാന ക്യാമ്പ് നടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജുമായി സ ഹകരിച്ച് നടത്തിയ ഈ ക്യാമ്പിൽ വിദ്യാർത്ഥികൾ രക്തം ദാനം ചെ യ്തു.

**12. പിച്ചർസ്ക്യൂ 23**

മീഡിയസ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഫോട്ടോഗ്രാഫി പ്രദർശനത്തോടനുബന്ധിച്ച് നിർമ്മിച്ച പോസ്റ്റർ ലോഗോയുടെ പ്രകാശ നം പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. നിർവ്വഹിച്ചു.

**13. പി.ജി. ഓറിയന്റേഷൻ**

ഒന്നാം വർഷ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഓറിയന്റേഷൻ പ്രോഗ്രാം മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചേതന ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് കുരിശേരി (സി.എം.ഐ) ക്ലാസ് നയിച്ചു.

**14. കനൽ ഫെസ്റ്റ് 23**

തൃശൂർ ജില്ല വനിത ശിശു വികസന മിഷൻ ജില്ലാതല ഉദ്ഘാടനവും ബോധവത്ക്കരണ ക്ലാസും കോളേജിൽ വച്ച് തൃശൂർ ജില്ല ലീഗൽ സർവ്വീസ് സെക്രട്ടറി ശ്രീമതി. സരിത രവീന്ദ്രൻ നിർവ്വഹിച്ചു. ശ്രീമതി ജയശ്രീ എം.ജി. ക്ലാസു നയിച്ചു.

**15. അർണോസ് സ്മൃതി പ്രകാശനം**

അർണോസ് സ്മൃതി പ്രകാശന സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം

റവ.ഡോ. ഫാ. മാർട്ടിൻ കെ.എ നിർവ്വഹിച്ചു. കലാനിലയം സൂപ്രണ്ട് ശ്രീ. മുരളി പുറനാട്ടുകര പ്രകാശന കർമ്മം നിർവ്വഹിച്ചു. നാടകാചാര്യൻ ഷെവ. സി.എൽ.ജോസ് എന്നിവർ പങ്കെടുത്തു.

**16. ഫിലിം ഷോ**

ഹിന്ദി (എസ്.എഫ്) ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'കഫാൻ രചിച്ച പ്രേം ചന്ദ്' എന്ന വിഷയത്തെ ആസ്പദമാക്കി ഫിലിം ഷോ സംഘടിപ്പിച്ചു.

**17. സുസ്ഥിര വിജ്ഞാൻ**

ജില്ലാപഞ്ചായത്ത് എനർജി മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഇന്റേൺഷിപ്പിന്റെ 2-ാം മത്തെ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.കെ. ഡേവിസ് മാസ്റ്റർ നിർവ്വഹിച്ചു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

| | | |
|---|---|---|
| 1 വെള്ളി | – | ആദ്യവെള്ളി, വി. കുർബാന |
| 5 ചൊവ്വ | – | അധ്യാപകദിനം, വി. മദർ തെരേസയുടെ തിരുനാൾ, |
| 8 വെള്ളി | – | കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 16 ശനി | – | ഓസോൺ ദിനം |
| 21 വ്യാഴം | – | വി. മത്തായി ശ്ലീഹ |
| 27 ബുധൻ | – | വി. വിൻസെന്റ് ഡി പോൾ |

**2. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പുവർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 11 തിങ്കളാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേ

ണ്ടതാണ്. 20,000/– രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

**3. അദ്ധ്യാപക ദിനാശംസകൾ**

എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8–20,21, 22–27, 28,29. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ക്വാ വാദിസ്**

ഇടവകയിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക– 9605043327, 8086677252. കഴിഞ്ഞ മാസത്തിൽ ക്വാ വാദിസ് നടന്ന ഇടവകകൾ കുരിയച്ചിറ, നന്തിപുലം എന്നിവയാണ്. സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**പേരന്റിങ് സെമിനാർ**

ഇടവകയിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക– 9605043327, 8086677252. കഴിഞ്ഞ മാസത്തിൽ പേരന്റിങ് നടന്ന ഇടവകകൾ ചെങ്ങാലൂർ, പല്ലിശ്ശേരി തിരുത്തിപറമ്പ്, ചേർപ്പ് എന്നിവയാണ്. സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംഗിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മത്സരം**

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ കലാമത്സരം ജൂലൈ ആഗസ്റ്റ് മാസങ്ങളിലായി ഭംഗിയായി നടന്നു. മത്സരവിജയികളുടെ അടുത്തതല മത്സരം സെപ്റ്റംബർ മാസത്തിൽ ഫൊറോനതലങ്ങളിൽ നടക്കുന്നതായിരിക്കും. ഇതിന്റെ വിശദവിവരങ്ങൾ അതാത് ഫൊറോന കുടുംബക്കൂട്ടായ്മ കേന്ദ്രസമിതി അറിയിക്കുന്നതായിരിക്കും. ഫൊറോനതല മത്സരത്തിൽ വിജയികളാകുന്നവർ ഒക്ടോബർ മാസത്തിൽ നടക്കുന്ന അതിരൂപതതല മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. സാഹിത്യ മത്സരങ്ങൾ അതിരൂപതതലത്തിൽ മാത്രമായിരിക്കും നടത്തപ്പെടുക.
**സാഹിത്യ മൽസരങ്ങൾ:** കവിതാ രചന ഉപന്യാസം/ ലേഖനമത്സരം, കഥാരചനമത്സരം. ഈ പറഞ്ഞ മത്സരങ്ങളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 9895234609 എന്ന നമ്പറിൽ 2023 സെപ്റ്റംബർ 15–ാം തിയതിക്കു മുൻപായി പേര് നൽകേണ്ടതാണ്. ഒക്ടോബർ മാസത്തിൽ നടക്കുന്ന അതിരൂപതതല മത്സരത്തിന്റെ തിയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

**മെറിറ്റ് ഡേ**

2022– 2023 കാലയളവിൽ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ഫുൾ A+ നേടിയ കുടുംബക്കൂട്ടായാമ ഭാരവാഹികളുടെ മക്കളെ 2023 ആഗസ്റ്റ്

13 ഞായറാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് അതിരൂപത കുടുംബക്കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ആദരിച്ചു. ഉദ്ഘാടനം മാർ ടോണി നീലങ്കാവിൽ നിർവ്വഹിക്കുകയും, വിജയികളായ കുട്ടികളെ അനുമോദിക്കുകയും, മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**വചനമെഴുത്ത് മത്സരം**

മാതൃവേദി അംഗങ്ങൾക്കായി വചനമെഴുത്ത് മത്സരം ഇടവക ഫൊറോന തലങ്ങളിൽ കഴിഞ്ഞ് അതിരൂപത തലത്തിലുള്ള മത്സരമാണ് സെപ്റ്റംബർ 12–ാം തിയ്യതി ചൊവ്വാഴ്ച (2.30 pm – 3.30 pm) ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടക്കുന്നത്.

**നിബന്ധനകൾ**

1. ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാവുന്നതാണ്
2. വാചകം പൂർണമായിരിക്കണം
3. മലയാളത്തിൽ എഴുതുന്ന വചനം പി. ഒ സി ബൈബിളിനെ ആസ്പദമാക്കി വേണം എഴുതാൻ. ഇംഗ്ലീഷിലെഴുതുന്നവർ RSV ബൈബിളിനെ ആസ്പദമാക്കി വേണം എഴുതാൻ
4 ബൈബിളിൽ ഉള്ളതുപോലെ തന്നെ എഴുതണം. ചെറിയ തെറ്റാണെങ്കിലും അത് തെറ്റായി തന്നെ പരിഗണിക്കുന്നതായിരിക്കും
5 പേരുകൾ മാത്രം എഴുതിയാൽ പോരാ (ഉദാ: അബ്രാഹത്തിന്റെ മകൻ ഇസഹാക്ക്)
6. പേന മാത്രം കൊണ്ടുവന്നാൽ മതി. പേപ്പർ പരീക്ഷ സമയത്ത് നൽകുന്നതായിരിക്കും
7. ഓരോ വാക്യമെഴുതികഴിയുമ്പോൾ അപ്പോൾ തന്നെ പുസ്തകത്തിന്റെ പേരും അദ്ധ്യായവും വാക്യവും എഴുതണം (ഉദാ: മത്തായി 16:22)

8 വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
9. റിസൾട്ട് പിന്നീട് അറിയിക്കുന്നതായിരിക്കും.
10. ഓരോ വചനത്തിനും നമ്പർ എഴുതണം( ഉദാ: 1,2,3,4,5......)

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും സെപ്റ്റംബർ 4 തിങ്കൾ വൈകീട്ട് 6.30 മുതൽ 7.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 22 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 1.00 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

## LOAF CORE GATHERING

LOAF CORE GROUP ആഗസ്റ്റ് 4-ാം തിയ്യതി Family Apostolate Centre -ൽ വച്ച് ലോഫ് ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കലിന്റെ സാന്നിധ്യത്തിൽ നടന്നു. പങ്കെടുത്ത എല്ലാ കുടുംബ ങ്ങൾക്കും നന്ദി.

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിച്ച്വൽ ഡേ' ആഗസ്റ്റ് മാസം 12-ാം തിയ്യതി സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ യിൽ വച്ച് നടന്നു. ജപമാലയ്ക്കും ആരാധനയ്ക്കും ലോഫ് കുടുംബ ങ്ങൾ നേതൃത്വം നൽകി. വി. ബലിക്ക് ശേഷം മുൻ സ്പിരിച്ച്വൽ ഡയ റക്ടർ ആയിരുന്ന റവ. ഫാ. ഡെന്നി ചിറയത്ത് അച്ചന് യാത്രയയ്പ്പ് നൽകി. 25-ാം വിവാഹവാർഷികം ആഘോഷിക്കുന്ന Mr Bristo & Mrs Reena ദമ്പതികളെ ചടങ്ങിൽ ആദരിച്ചു. അടുത്തമാസത്തെ സ്പിരി ച്ച്വൽ ഡേ സെപ്തംബർ 9-ാം തിയ്യതി മഡോണയിലുള്ള മൈനർ സെമി നാരിയിൽ വച്ച് നടക്കുന്നു.

## LOAF TIDINGS

ലോഫ് ഒരുക്കുന്ന ത്രൈമാസ ഓൺലൈൻ ന്യൂസ് ലെറ്റർ LOAF TIDINGS ന്റെ ഉദ്ഘാടനം ആഗസ്റ്റ് 12-ാം തിയ്യതി സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറയിൽ വച്ച് നടന്നു. ഇടവക വികാരി വ ഫാ. തോമസ് വടക്കൂട്ട് ഉദ്ഘാടനം നിർവഹിച്ചു.

## LOAF COUPLES RETREAT

ആഗസ്റ്റ് മാസത്തെ ദമ്പതീ ധ്യാനം 11,12,13 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സഹകരിച്ച എല്ലാ വർക്കും നന്ദി.

2023 സെപ്റ്റംബർ മാസത്തെ ധ്യാനം 1, 2, 3 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. സെപ്തംപർ 1ന് വൈകീട്ട് 6 മണിക്ക് ആരംഭിച്ച് 3 ന് വൈകീട്ട് 5 മണിക്ക് തീരുന്ന രീതിയിലാണ് ധ്യാനം ക്രമീകരിച്ചിരി

ക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടു
ക. 8921049153, 8590670491

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**EWS സർട്ടിഫിക്കറ്റിന് ഇനി മുതൽ സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് ഉപയോഗിക്കണം**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച 164 സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163–ാമതുള്ള സിറിയൻ കാത്തലിക് (സീറോമലബാർ കാത്തലിക്) എന്നത് സീറോ മലബാർ സിറിയൻ കാത്തലിക് എന്നാക്കി മാറ്റി. ഇതുസംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവിറക്കി.

സീറോമലബാർസഭയിലെ ക്നാനായ കാത്തലിക്, ദളിത് കാത്തലിക്, നാടാർ കാത്തലിക് എന്നിവർ ഒഴികെയുള്ള അംഗങ്ങളെ സൂചിപ്പിക്കു ന്നതിനാണ് സീറോമലബാർ സിറിയൻ കാത്തലിക് എന്ന പേര്.

**വോട്ടർ പട്ടികയിൽ പേര് ചേർക്കൽ ട്രെയിനിങ്ങുമായി എ.എഫ്സി.**

2024 ജനുവരി 1നു 18 വയസ് പൂർത്തിയാകുന്നവരും നിലവിൽ വോട്ടർ പട്ടികയിൽ പേര് ഇല്ലാത്തവരുമായ എല്ലാവരെയും വോട്ടർ പട്ടികയിൽ ചേർക്കുക എന്ന ലക്ഷ്യത്തോടെ ഇടവകകളിൽ സെപ്റ്റംബർ 10,17 തിയതികളിൽ നടക്കുന്ന ക്യാംപയിന് നേതൃത്വം കൊടുക്കുന്നവർക്കുള്ള പരിശീലനം തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ നൽകി. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. എഫ് സി കൺവീനർ ജോമി ജോൺസൺ പരിശീലനത്തിന് നേതൃത്വം നൽകി.

**ഇടവകകളിൽ EWS Reservation സെമിനാറുകൾ സംഘടിപ്പിച്ചു.**

പല്ലിശ്ശേരി, വെളുത്തൂർ ഇടവകകളിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ EWS Reservationനെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# മദ്യവിരുദ്ധ സമിതി

**1. മദ്യവിരുദ്ധ സമിതി യൂണിറ്റ് സ്ഥാപിച്ചു**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ 16.07.2023 ന് മഡോണ നഗർ സെന്റ് മേരീസ് ഇടവകയിൽ മദ്യവിരുദ്ധ സമിതി രൂപീകരണ യോഗം ചേർന്നു. അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകി.

**2. ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ**

16.07.23 ഞായറാഴ്ച കോടന്നൂർ ഇടവകയിൽ വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. മുൻ സംസ്ഥാന സെക്രട്ടറി ശ്രീ. സേവ്യർ പള്ളിപ്പാട്ട് അവർകളാണ് ക്ലാസ് നയിച്ചത്.

**4. പ്രാർത്ഥനാ ഉപവാസ യജ്ഞം**

പുതുക്കാട് ഫൊറോനയിലെ പള്ളിക്കുന്ന് ഇടവക ദൈവാലയാങ്കണത്തിൽ 06.08.23 ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ഉപവാസയജ്ഞം സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ജെയ്സൻ കൂനംപ്ലാക്കലാണ് യജ്ഞം ഉദ്ഘാടനം ചെയ്തത്. അതിരൂപത ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സമാപന സന്ദേശം നൽകി.

**5. മദ്യനയം തിരുത്തണം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത സംഘടിപ്പിച്ച ലഹരിവിരുദ്ധ സംവാദത്തിൽ, പുതിയ മദ്യനയം തിരുത്തണം എന്ന് പ്രശസ്ത മാധ്യമ പ്രവർത്തകൻ ശ്രീ. ജോയ് എം. മണ്ണൂർ പ്രസ്താവിച്ചു. 30.07.23 ന് തൃശൂർ ശക്തൻ നഗർ ബസ് സ്റ്റോപ്പിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ സംവാദം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, കേരള മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഇ.എ. ജോസഫ്, എക്സ്പ്രസ് പത്രാധിപർ ശ്രീ. ഡേവീസ് കണ്ണനായ്ക്കൽ, റിട്ടയേർഡ് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സി.പി. ഡേവീസ്, അതിരൂപത സെക്രട്ടറി ശ്രീ. സിജോ ഇഞ്ചോടിക്കാരൻ തുടങ്ങിയ പ്രമുഖർ പങ്കെടുത്ത് പ്രസംഗിച്ചു.

**6. ക്വിറ്റ് ലിക്വർ ഡേ ആചരണം**

തൃശ്ശൂർ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെയും പട്ടിക്കാട് ഫൊറോനയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 09.08.2023 ന് ക്വിറ്റ് ലിക്വർ ഡേ പരിപാടി പട്ടിക്കാട് സെന്ററിൽ അരങ്ങേറി.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ലീജിയൻ ഓഫ് മേരി

എല്ലാ മൂന്നാം ഞായറാഴ്ചകളിലും ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയം മീറ്റിംഗ് കൂടിവരുന്നു. കമ്മീസിയം തീരുമാനപ്രകാരം ഭാരവാഹികൾ കൂരിയകൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. 29.07.2023 ശനിയാഴ്ച കമ്മീസിയം ഭാരവാഹികൾ പുതുക്കാട് സെന്റ് ആന്റണീസ് ദേവാലയത്തിൽ പ്രവർത്തിക്കുന്ന കൂരിയ സന്ദർശിക്കുകയുണ്ടായി.

23.07.2023 തിയ്യതി ഞായറാഴ്ച പെരിങ്ങോട്ടുകര സെന്റ് മേരീസ് ദേവാലയത്തിൽ പുതിയ പ്രസീദിയം ആരംഭിച്ചു. 40–ൽപരം പേർ സൈനികരായി സത്യപ്രതിജ്ഞ ചെയ്തു.

എല്ലാ വർഷവും നടത്തിവരാറുള്ളതുപോലെ ആഗസ്റ്റ് 15ന് പരി. കന്യകാമറിയത്തിന്റേയും സെപ്തംബർ 8ന് മാതാവിന്റെ ജനന തിരുനാളിന്റേയും സ്മരണ പുതുക്കുന്ന ആരാധനായജ്ഞം ആഗസ്റ്റ് 12ന് ശനിയാഴ്ച അതിരൂപത ഫാമിലി അപ്പസ്തോലിക് സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. എല്ലാ കൂരിയകളിൽ നിന്നും വന്നിരുന്ന സൈനികർ ഉപവാസമെടുത്ത് ആരാധനയിൽ സംബന്ധിച്ചു. റവ. ഫാ. ജോസഫ് പാലയൂർ CM (നവജീവൻ ധ്യാനകേന്ദ്രം, ഒല്ലൂർ, ഒറീസ്സ) ആരാധനാശുശ്രൂഷ നടത്തി. സെന്റ് മേരീസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ സി. ജെസ്വിൻ മരിയൻ സന്ദേശം നൽകി. ആത്മീയ ഉപദേഷ്ടാവ് റവ. ഡോ. ജോൺ മൂലൻ ബലിയർപ്പിച്ച് സൈനികരെ ആശീർവദിച്ചു.

**ഫാ. ജോൺ മൂലൻ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**സാഹിത്യമത്സരങ്ങൾ**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനയിലെ കുട്ടി

കൾക്കായി 2023 ആഗസ്റ്റ് 12 –ാം തിയ്യതി ശനിയാഴ്ച്ച സാഹിത്യമത്സരം സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ നിന്നുമായി 1300 കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിന്റെ ഫലപ്രഖ്യാപനം ഒക്ടോബർ 12 ന് ശേഷം അറിയിക്കുന്നതാണ്. കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും, കൊച്ചച്ചൻമാർക്കും, ആനിമേറ്റർമാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**കലാമത്സരങ്ങൾ 2023**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടറുടെ നേതൃത്വത്തിൽ സെപ്തംബർ–ഒക്ടോബർ മാസങ്ങളിലായി നടത്തപ്പെടുന്ന ഫൊറോനതലമത്സരത്തിനുശേഷം, ഒക്ടോബർ 23–ാം തിയ്യതി തിങ്കളാഴ്ച്ച സെന്റ് ക്ലയേഴ്സ് സ്കൂളിൽ വച്ചായിരിക്കും അതിരൂപതാതല മത്സരം നടത്തപ്പെടുക. ഫൊറോനതല മത്സരം നടത്തി ഒക്ടോബർ 16 ന് മുമ്പായി അതിരൂപത എൻട്രി ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ഫൊറോന പ്രമോട്ടേഴ്സ് ശ്രദ്ധിക്കേണ്ടതാണ്. ഫൊറോനതലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ ഒരു ടീം/ഒരു കുട്ടി മാത്രമേ അതിരൂപതതലമത്സരത്തിൽ പങ്കെടുക്കാവു. എന്നാൽ പ്രത്യേക കാരണങ്ങളാൽ പ്രസ്തുത ടീമിന്/കുട്ടിക്ക് പങ്കെടുക്കാൻ താലാപര്യമില്ലെങ്കിൽ പ്രമോട്ടറച്ചന്റെ അനുവാദത്തോടെ സെക്കന്റിന് അർഹരായ ഒരു ടീം/ഒരു കുട്ടിക്ക് മത്സരത്തിന് അവസരം നൽകാവുന്നതാണ്. മത്സരങ്ങളുടെ പൊതു നിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള കലാമത്സരം നവംബർ 11–ാം തിയ്യതിയാണ് നടത്തപ്പെടുക. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല. സ്കൂൾ തിരുബാലസഖ്യ കുട്ടികൾക്ക് ഇടവക–തിരുബാലസഖ്യ മത്സരങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

## Saints' Quiz 2k23

വിശുദ്ധരെക്കുറിച്ച് പഠിക്കാനും അവരുടെ മാതൃകകൾ ആഴത്തിൽ ഉൾക്കൊള്ളാനും തൃശ്ശൂർ അതിരൂപത ജൂനിയർ സി.എൽ.സി.യും മിഷൻലീഗും ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർഥികൾക്കായി ഈ വർഷവും Saints' Quiz 2k23 നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. Saints' Quiz ഇടവകതല പരീക്ഷ ഒക്ടോബർ 29 നാണ് നടത്തുന്നത്. Saints' Quiz മത്സരത്തിന് ഒരുങ്ങുന്നതിനായി *വിശുദ്ധരുടെ ജീവചരിത്ര ത്തിലൂടെ* എന്ന പഠനസഹായിയും പ്രസിദ്ധീക രിച്ചിരിക്കുന്നു. പുസ്തകം ആവശ്യമു

ള്ളവർ ചിൽഡ്രൻസ് മിനി സ്ട്രി ഓഫീസുമായി ബന്ധപ്പെടുക. പുസ്തകം ഒന്നിന് 20 രൂപയാണ് വില. മത്സര നിബന്ധനകളടങ്ങിയ നോട്ടിസ് ലഭിക്കുന്നതിനായി QR Code - സ്കാൻ ചെയ്യുക.

**ആനിമേറ്റേഴ്സ് സെമിനാർ**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ ആനിമേറ്റേഴ്സിനായി അർദ്ധദിന സെമിനാർ സെപ്റ്റംബർ 9 –ാം തിയ്യതി ശനിയാഴ്ച്ച ഡി.ബി.സി.എൽ.സി യിൽവെച്ച് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4.00 മണി വരെ നടത്തുന്നു. എല്ലാ ആനിമേറ്റേഴ്സും നിർബന്ധമായി ഈ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതാണ്. വാർഷിക റിപ്പോർട്ടിനുള്ള ഫോം, മിഷൻ കളക്ഷൻ കവർ, Prayer Friend Collection, Jesus Birthday party കൂപ്പൺ എന്നിവ ആ മീറ്റിങ്ങിലാണ് വിതരണം ചെയ്യുക.

**യൂണിറ്റ് രജിസ്ട്രേഷൻ 2023**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2023 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് യൂണിറ്റ് രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

*തിരുവചനം:* "യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തു നില്ക്കുന്നതുകണ്ട് അമ്മയോട് പറഞ്ഞു: സ്ത്രീയേ, "ഇതാ നിന്റെ മകൻ". അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: "ഇതാ നിന്റെ അമ്മ". അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു." (യോഹ 19: 26–27)

*സുകൃതജപം:* എന്റെ ഈശോയെ, അനുദിന കുരിശുകളെ സന്തോഷത്തോടെ സ്വീകരിക്കുവാൻ കൃപ ചെയ്യണമേ !

*പ്രാർത്ഥനാ നിയോഗം:* സമൂഹത്തിൽ അവഗണിക്കപ്പെട്ടവർ, നിരാശ്രയർ എന്നിവർക്കുവേണ്ടി പ്രാർത്ഥിക്കാം.

*പരിചയപ്പെടുന്ന വിശുദ്ധൻ:* പൗരസ്ത്യസഭയിലെ നാല് മഹാപിതാക്കന്മാരിൽ ഒരാളായ വി. ജോൺ ക്രിസോസ്റ്റം ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. സിറിയായിലെ സൈന്യാധിപനായ സെക്കൂന്തൂസിന്റെ ഏക പുത്രനായിരുന്നു വിശുദ്ധ ജോൺ. ചെറുപ്പം മുതൽ പ്രാർത്ഥനയിലും വിശുദ്ധ ഗ്രന്ഥധ്യാനത്തിലും ചെലവഴിച്ചുപോന്ന അദ്ദേഹം 386 -ൽ കോൺസ്റ്റാന്റി നോപ്പിളിലെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹം വി. കുർബാന ചൊല്ലുമ്പോൾ വിശുദ്ധർ സ്വർഗ്ഗ

ത്തിൽ നിന്ന് ഇറങ്ങിവന്ന് കുർബാനയെ ആരാധിക്കുന്നതായി അദ്ദേഹം കണ്ടിരുന്നുവെന്ന് വി. നീലൂസു സാക്ഷ്യപ്പെടുത്തിക്കാണുന്നുണ്ട്. 407 ൽ ഒരു വിപ്രവാസത്തിനിടയിൽ തിരുപാഥേയം സ്വീകരിച്ച് "സകലത്തിനും ദൈവത്തിനു സ്തുതി" എന്ന് പതിവായി ചൊല്ലാറുള്ള വാക്കുകൾ ഉരുവിട്ടുകൊണ്ട് തന്റെ ആത്മാവിനെ അദ്ദേഹം ഈശോയ്ക്ക് സമർപ്പിച്ചു. തിരുസഭ സെപ്തംബർ 13 ന് വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു.

*പ്രവർത്തനം:* സെപ്തംബർ മാസത്തിൽ പ്രത്യേകമായി മൂന്ന് പ്രാവശ്യം പരിശുദ്ധ അമ്മയുടെ സ്മരണനാളുകൾ കൊണ്ടാടുന്നു. ഒരു പ്രാവശ്യമെങ്കിലും പരിശുദ്ധ അമ്മയെപ്രതി വൃദ്ധസദനങ്ങളിൽ കഴിയുന്ന അമ്മമാരെ ഓർത്ത് പുണ്യപ്രവർത്തി ചെയ്യുമല്ലോ.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# KCSL

**അതിരൂപതാ കലാസാഹിത്യോത്സവങ്ങൾ**

അതിരൂപതാ സാഹിത്യോത്സവം സെപ്തംബർ 6ന് തൃശൂർ സെന്റ് തോമസ് കോളേജ് എച്ച്. എസ്സിൽ വച്ച് നടക്കുന്നു. കവിതാരചന, കഥാരചന, ഉപന്യാസ രചന, പെയിന്റിംഗ് എന്നിവക്കുള്ള വിഷയങ്ങൾ വേദിയിൽവച്ച് നൽകും. കെ. സി.എസ്.എൽ. ബൈബിൾ ക്വിസിന് ബൈബിൾ ഭാഗം, സഭയെക്കുറിച്ചുള്ള പൊതുവിജ്ഞാനം, ബൈബിൾ ജനറൽ നോളഡ്ജ് കെ സി എസ്സ് എൽ ചരിത്രം എന്നിവയാണ് പഠനഭാഗങ്ങൾ. കെ. സി.എസ്.എൽ. ചരിത്ര പുസ്തകം ലഭ്യമല്ലാത്തതിനാൽ ബ്ലോഗിൽ നൽകുന്ന ചോദ്യങ്ങൾ പഠിക്കാവുന്നതാണ്. സഭാ പൊതുവിജ്ഞാനത്തിനും ബൈബിൾ ജനറൽ നോളഡ്ജിനും പ്രത്യേകം പുസ്തകങ്ങളില്ല. ബൈബിൾ ഭാഗം താഴെ കൊടുക്കുന്നു.

| | |
|---|---|
| UP | ലൂക്കാ 1 – 8 അധ്യായങ്ങൾ |
| HS | 2 കോറിന്തോസ് 1– 6 അധ്യായങ്ങൾ |
| HSS | ജോഷ്വാ 13 – 24 |
| | പ്രഭാഷകൻ 27–33 അധ്യായങ്ങൾ |

കൈയ്യെഴുത്ത് മാസികാ മത്സരത്തിന് തയ്യാറാക്കി വരുന്ന മാസികയുടെ പുറകിൽ മത്സരാർത്ഥികളുടെ മുഴുവൻ പേരുകളും നൽകി ഇതുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ഈ മത്സരാർത്ഥികൾ മാത്രമാണ് ചെയ്തതെന്ന് സ്കൂൾ എച്ച്. എം. അഥവാ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. കൃതികൾ പഠനവിഷയവുമായി ബന്ധപ്പെട്ടതായിരിക്കണം. വിശദവിവരങ്ങൾക്ക് മാർഗ്ഗരേഖ കാണുക.

അതുരൂപതാ കലോത്സവം ഒക്ടോബർ 2 തിങ്കൾ തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കുന്നു. പ്രസംഗമത്സരങ്ങൾക്ക് വിഷയങ്ങൾ മത്സരവേദിയിൽ വച്ച് നൽകും. യു. പി. വിഭാഗം പ്രസംഗമത്സരത്തിന് രണ്ട് വിഷയങ്ങൾ വീതം നൽകിയിട്ടുണ്ട്. അതിലൊന്ന് ജഡ്ജിമാർ വേദിയിൽവച്ച് തിരഞ്ഞെടുത്ത് മത്സരാർത്ഥിക്ക് നൽകുന്നതാണ്. സ്റ്റഡി സർക്കിൾ വിഷയങ്ങൾ ഗ്രൂപ്പിൽ നൽകിയിട്ടുണ്ട്.

എല്ലാ മത്സരങ്ങൾക്കും കൃത്യമായ ടൈംടേബിൾ പാലിക്കാൻ ശ്രദ്ധിക്കുക.

**ചാരിറ്റി ഫണ്ട് വിതരണവും സ്വീകരണവും**

സെപ്തംബർ 6ന് അതിരൂപതാ ചാരിറ്റി ഫണ്ട് സ്വീകരണവും വിവിധ സ്കോളർഷിപ്പ് വിതരണവും ചാരിറ്റി ഫണ്ട് വിതരണവും തൃശൂർ സെന്റ് തോമസ് കോളേജ് എച്ച് എസ്സ് എസ്സിൽ വച്ച് നടക്കുന്നു. ഫണ്ട് സ്വീകരിക്കാനെത്തുന്നവരും സ്കോളർഷിപ്പ് സ്വീകരിക്കാൻ വരുന്നവരും നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക.

**കൂപ്പൺ സമ്മാന വിതരണം ഒക്ടോബർ 2ന്**

ചാരിറ്റി കൂപ്പൺ സമ്മാന വിതരണം ഒക്ടോബർ രണ്ടിന് ഉച്ചയ്ക്ക് 2 മണിക്ക് തൃശൂർ സെന്റ് തോമസ് കോളേജ് എച്ച് എസ്സ് എസ്സിൽ വച്ച് നടക്കുന്നു. സമ്മാനങ്ങൾ കൊണ്ടുപോകാനുള്ള ക്രമീകരണങ്ങൾ സമ്മാനങ്ങൾ സ്വീകരിക്കാനെത്തുന്നവർ തന്നെ ചെയ്യണം. മറ്റ് ദിവസങ്ങളിൽ ഇവ വിതരണം ചെയ്യുന്നതല്ല.

**കൂപ്പൺ ഫണ്ട്**

കൂപ്പൺ ഫണ്ടുകൾ സ്വീകരിക്കുന്ന അവസാന ദിവസം സെപ്തംബർ 5 ആണ്. അന്നുതന്നെ അവ തന്ന് തീർക്കുക. മറ്റ് ദിവസങ്ങളിൽ തൃശൂർ സെന്റ് തോമസ് കോളേജ് എച്ച് എസ് എസിൽ അത് സ്വീകരിക്കുന്നതല്ല.

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# സി.എൽ.സി.

**വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണം**

സി.എൽ.സി യുടെ ആധ്യാത്മിക ആചാര്യനായ വി. ഇഗ്നേഷ്യസ് ലയോളയുടെ അതിരൂപതാതല അനുസ്മരണം കൂനംമൂച്ചി സെന്റ്. ഫ്രാൻസിസ് സേവിയേഴ്സ് ഇടവക ദേവാലയത്തിൽ നടന്നു. മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ ഗവൺമെന്റ് ജോലി നേടിയവരെയും മതബോധനത്തിൽ അതിരൂപത തലത്തിൽ റാങ്ക് നേടിയവരെയും എസ്.എസ്.എൽ. സി, പ്ലസ് ടു പൊതു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയവരെയും ആദരിച്ചു.

പുതുശ്ശേരിയിൽ നിന്ന് ആരംഭിച്ച പതാക പ്രയാണം കൂനംമൂച്ചിയിൽ വെച്ച് കൺവീനർ നന്ദുവിൽ നിന്നും മറ്റം ഫൊറോന സി എൽ സി പ്രസിഡന്റ് ഗ്ലോറിൻ ജോയ് ഏറ്റുവാങ്ങി. ചിറ്റാട്ടുകരയിൽ നിന്ന് ആരംഭിച്ച ഛായാചിത്ര പ്രയാണം കൂനംമൂച്ചിയിൽ വച്ച് കൺവീനർ ഡിയോണിൽ നിന്നും കൂനംമുച്ചി സി എൽ സി പ്രസിഡന്റ് ആഷിക്ക് ഡാനിയേൽ ഏറ്റുവാങ്ങി. മറ്റം ഫൊറോന സി. എൽ. സി. പ്രമോട്ടർ ഫാ. ടോണി അരിമ്പൂർ പതാക വന്ദനം നടത്തി. തൃശ്ശൂർ അതിരൂപത സി. എൽ. സി. ആനിമേറ്റർ സി. ജ്യോതിസ് എഫ്. സി. സി. യും കൂനമുച്ചി സി. എൽ. സി. ആനിമേറ്റർ സി. ദീപ്തി SABS ന്റെയും നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. മറ്റം ഫൊറോന വികാരി റവ. ഫാ. ഷാജു ഊക്കൻ അനുഗ്രഹ പ്രഭാഷണവും, കൂനംമുച്ചി ഇടവക വികാരി റവ. ഫാ. ജോർജ് ചെറുവത്തൂർ അനുമോദന പ്രസംഗവും നടത്തി.

പതാക പ്രയാണം, ഛായചിത്രപ്രയാണം, പൊതുസമ്മേളനം, അവാർഡ് ദാനം, കലാപരിപാടികൾ, സ്നേഹവിരുന്ന് തുടങ്ങി വിവിധങ്ങളായ പരിപാടികളാണ് ഈ വർഷത്തെ വിശുദ്ധ ഇഗ്നേഷ്യസ് ലയോള അനുസ്മരണത്തോടനുബന്ധിച്ച് ഒരുക്കിയത്. വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണദിന പരിപാടികൾക്ക് മറ്റം ഫൊറോന പ്രസിഡന്റ് ഗ്ലോറിൻ ജോയ്, ജനറൽ കൺവീനർ ജോമി ജോൺസൻ അതിരൂപത ഫൊറോന ഇടവക ഭാരവാഹികൾ ചേർന്ന് നേതൃത്വം നൽകി.

**അതിരൂപത സി.എൽ.സി മാതാവിന്റെ സ്വർഗാരോപണ തിരുനാളും പതാക ദിനവും ആചരിച്ചു**

തൃശൂർ അതിരൂപത സി.എൽ.സിയുടെ പതാക ദിനം പാലയൂർ ഫൊറോന സി.എൽ.സിയുടെ ആതിഥേയത്വത്തിൽ പാവറട്ടി ഇടവകയിൽ വെച്ച് നടന്നു. മാർ പോൾ ആലപ്പാട്ട് പിതാവ് പതാക ഉയർത്തി. അതിരൂപത സെക്രട്ടറി ശ്രീ. ഫെസിൻ മാത്യു അംഗത്വ നവീകരണ പ്രതിജ്ഞ ചൊല്ലി കൊടുത്തു. പാവറട്ടി ഇടവക വികാരി റവ. ഫാ. ജോൺസൺ അയിനിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. ശേഷം SANCTA MARIA മരിയൻ ക്വിസ് മത്സരവും നടത്തി. കോട്ടപ്പടി സി. എൽ. സി ഒന്നാം സ്ഥാനവും ആർത്താറ്റ് സി.എൽ.സി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**യുവജന വർഷത്തിൽ വാഴ്ത്തപെട്ട കാർലോ അക്വിറ്റോസിന്റെ തിരുശേഷിപ്പ് പ്രയാണവുമായി തൃശൂർ അതിരൂപത സി എൽ സി**

'പുതിയ തലമുറയിലെ വിശുദ്ധൻ' എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട കാർലോ അക്വിറ്റോസിന്റെ തിരുശേഷിപ്പ് പ്രയാണം തൃശ്ശൂർ അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം ഉടനീളം വിവിധ ദേവാലയങ്ങളിലായി സംഘടിപ്പിക്കുന്നു. യുവജന വർഷത്തിന്റെ ഭാഗമായി പുതിയ തലമുറയിലേക്ക് നല്ലൊരു ജീവിത മാതൃക പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് രൂപത സി എൽ സി ഈ ദൗത്യത്തിന് മുന്നിട്ടിറങ്ങിയിട്ടുള്ളത്.

സെപ്റ്റംബർ മാസത്തിലെ നാല് ഞായറാചകളിലായാണ് തിരുശേഷിപ്പ് പ്രയാണം 16 ഫൊറോനകളിലേക്ക് എത്തിചെരുന്നത്. സെപ്റ്റംബർ മാസത്തിലെ ആദ്യ ഞായറാഴ്ച്ച ലൂർദ് പള്ളിയിൽ നിന്ന് ആരംഭിക്കുന്ന തിരുശേഷിപ്പ് പ്രയാണം അവസാന ഞായറാഴ്ച്ച ബസിലിക്ക പള്ളിയിൽ വെച്ചു സമാപിക്കുന്നു.

ഓരോ ഞായറാച്ചകളിലായി നാല് ഫൊറോനകളിലായി തിരുശേഷിപ്പ് പ്രയാണം നടത്തുന്നു.

സമയക്രമം : **3/9/2023**

ലൂർദ് ഫൊറോന: 7 am; കൊട്ടേക്കാട് ഫൊറോന : 8 am; പട്ടിക്കാട് ഫൊറോന: 9.15 am; പുത്തൂർ ഫൊറോന: 10.15 am

**10/9/2023**

വേലൂർ ഫൊറോന: 7.15 am; എരുമപ്പെട്ടി ഫൊറോന (പാത്രമംഗലം പള്ളി) : 8.15 am; ചേലക്കര ഫൊറോന: 9.45 am; വടക്കാഞ്ചേരി ഫൊറോന: 11.15 am

**17/9/2023**

കണ്ടശാങ്കടവ് ഫൊറോന: 7.15 am; പറപ്പൂർ ഫൊറോന: 8.15 am;

പാലയൂർ ഫൊറോന: 9.45 am; മറ്റം ഫൊറോന :11 am

**24/9/2023**

പുതുക്കാട് ഫൊറോന:7.15 am; പഴുവിൽ ഫൊറോന (ചേർപ്പ് പള്ളി): 8.15 am; ഒല്ലൂർ ഫൊറോന: 9.15 am; ബസിലിക്ക ഫൊറോന:6.30 pm

സെപ്റ്റംബർ 4 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ ഞായറാഴ്ചകൾ ഒഴികെയുള്ള മറ്റു ദിവസങ്ങളിൽ ആവശ്യപ്പെടുന്ന ഇടവകകളിലേക്ക് തിരുശേഷിപ്പ് നൽകുന്നതാണ്. താല്പര്യമുള്ള ഇടവകകൾ താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ് : 9605606118

## സി.എൽ.സി ഇലക്ഷൻ

**ഇടവക തലം**

തിയതി : 2023 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ

ഇലക്ഷൻ ചുമതല : ഇടവക വികാരിക്കും സി.എൽ.സി. യൂത്ത് പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ്, വൈസ്.പ്രസിഡന്റ് – 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി – 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

* കഴിഞ്ഞ 1 വർഷത്തിനുള്ളിൽ തിരഞ്ഞെടുപ്പ് പൂർത്തീകരിച്ച യൂണിറ്റുകൾ ഉണ്ടെങ്കിൽ വീണ്ടും ഇലക്ഷൻ നടത്തേണ്ടതില്ല.
* അതിരൂപത സി എൽ സി നിയമാവലി പ്രകാരമായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.
* ഇലക്ഷൻ നടത്തുന്ന സമയവും, തിയ്യതിയും ഇടവകയിലെ മുഴുവൻ സി എൽ സി അംഗങ്ങളെ നിർബന്ധമായും അറിയിച്ചിരിക്കണം.
* ഇടവക സി.എൽ.സി.യെ നയിക്കുവാൻ കഴിവും സമയവും ഉള്ളവരെ വേണം ഭാരവാഹികളായി തിരഞ്ഞെടുക്കാൻ.
* 15 വയസ്സ് മുതൽ 30 വയസ്സുവരെയുള്ളവർക്കാണ് മത്സരിക്കാൻ സാധിക്കുക (01/01/1993–31/12/2008)

**ഫൊറോന തലം**

തിയതി : 2023 ഒക്ടോബർ മാസത്തിൽ നടത്തേണ്ടത്താണ്

ഇലക്ഷൻ ചുമതല : ഫൊറോന പ്രൊമോട്ടർക്കും സി.എൽ.സി. ഫൊറോന പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ്, വൈസ് പ്രസിഡന്റ് – 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി – 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

* അതിരൂപത സി.എൽ.സി. നിയമാവലി പ്രകാരമായിരിക്കണം തിരഞ്ഞെടുപ്പ് നടത്തേണ്ടത്.

* ഇലക്ഷൻ നടത്തു സമയവും തിയതിയും ഫൊറോനയിലെ മുഴുവൻ സി എൽ സി യൂണിറ്റ് ഭാരവാഹികളെയും നിർബന്ധമായും അറിയിച്ചിരിക്കണം.
* 2023–24 വർഷത്തെ അഫിലിയേഷൻ പൂർത്തിയാക്കിയ യൂണിറ്റുകളെ മാത്രമേ ഇലക്ഷനു ഉൾപ്പെടുത്തു. ആഗസ്റ്റ് 15ന് മുൻപായി അഫലിയേഷൻ ചെയ്യണം
* ഫൊറോന സി.എൽ.സി.യെ നയിക്കുവാൻ കഴിവും സമയവും ഉള്ളവരെ വേണം ഭാരവാഹികളായി തിരഞ്ഞെടുക്കാൻ.
* നിർദിഷ്ട ഫോമിൽ ഇടവക ഭാരവാഹികളുടെ പേരു വിവരങ്ങൾ പൂരിപ്പിച്ചു വികാരിയുടെ ഒപ്പോടു കൂടി ഇലക്ഷനു മുന്നേ ഫൊറോനാ പ്രൊമോട്ടർക്കു സമർപ്പിക്കണം.
* 15 വയസ്സ് മുതൽ 30 വയസ്സുവരെയുള്ളവർക്കാണ് മത്സരിക്കാൻ സാധിക്കുക (01/01/1993–31/12/2008)

**അതിരൂപത തലം**

തിയതി : 2023 ഡിസംബർ 17 ഞായറാഴ്ച

ഇലക്ഷൻ ചുമതല : അതിരൂപത പ്രൊമോട്ടർക്കും, അതിരൂപത പ്രസിഡന്റിനും

തിരഞ്ഞെടുക്കപ്പെടേണ്ടവർ : പ്രസിഡന്റ്, വൈസ്.പ്രസിഡന്റ് – 2 (സ്ത്രീ + പുരുഷൻ), സെക്രട്ടറി, ജോയിന്റ് സെക്രട്ടറി – 2 (സ്ത്രീ + പുരുഷൻ), ട്രഷറർ.

* അതിരൂപത സി.എൽ.സി. നിയമാവലി പ്രകാരമായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക.
* 15 വയസ്സ് മുതൽ 30 വയസ്സുവരെയുള്ളവർക്കാണ് മത്സരിക്കാൻ സാധിക്കുക (01/01/1993–31/12/2008)
* നിർദിഷ്ട ഫോമിൽ ഫൊറോന ഭാരവാഹികളുടെ പേരു വിവരങ്ങൾ പൂരിപ്പിച്ചു പ്രൊമോട്ടറുടെ ഒപ്പോടു കൂടി ഇലക്ഷനു മുന്നേ അതിരൂപത പ്രൊമോട്ടർക്കു സമർപ്പിക്കണം.

(സി.എൽ.സി. അതിരൂപത നിയമാവലി ആവശ്യമുള്ള യൂണിറ്റുകൾക്ക് അതിരൂപത ഓഫിസിൽ നിന്നും ലഭിക്കുതാണ്)

**ഫാ. ഫ്രജോ വാഴപ്പിള്ളി**
പ്രമോട്ടർ,
അതിരൂപത സി.എൽ.സി

**ഡോംസൺ സൈമൺ**
പ്രസിഡന്റ്,
അതിരൂപത സി.എൽ.സി

# യൂത്ത് മിനിസ്ട്രി

**ജൂൺ 28 – യൂത്ത് കോർഡിനേറ്റേഴ്സ് മീറ്റ്**

യുവജനവർഷത്തോടനുബന്ധിച്ച് ഇടവകകളിൽ നിന്നുള്ള യുവജനവർഷ കോർഡിനേറ്റേഴ്സിന്റെയും അതിരൂപത കെ.സി.വൈ.എം., സി.എൽ.സി., ജീസസ്സ് യൂത്ത് ഭാരവാഹികളെയും ഫൊറോന പ്രതിനിധികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജൂൺ 28–ന് ഫാമിലി അപ്പസ്തോലേറ്റിൽ ഒരു കൂട്ടായ്മ സംഘടിപ്പിച്ചു. റവ. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ അവർക്കായി ഒരു ഇന്ററാക്ഷൻസെഷൻ നടത്തി. റവ. ഫാ. അജിത്ത് തച്ചോത്ത്, റവ. ഫാ. ജിയോ ചെരടായി, റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, റവ. ഫാ. ലിവിൻ ചൂണ്ടൽ എന്നിവർ യുവജനവർഷത്തെ പരിപാടികളെക്കുറിച്ച് വിശദീകരിച്ചു. യുവജനവർഷത്തിന്റെ ഓരോ ഫൊറോനയിൽനിന്നുമുള്ള രണ്ട് പ്രതിനിധികളെ അവിടെവെച്ച് തിരഞ്ഞെടുത്തു. ബഹുമാനപ്പെട്ട ടോണി നീലങ്കാവിൽ പിതാവിന്റെ ഒരു ഇന്ററാക്ഷൻ സെഷനോടുകൂടി കൂട്ടായ്മയ്ക്ക് തിരശീല വീണു.

**ഡിജിറ്റൽ പോസ്റ്റർ മേക്കിംങ്ങ് കോണ്ടസ്റ്റ്**

1. ആഗസ്റ്റ് 15 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. സെപ്തംബർ 15 ന് അവസാനിക്കുന്നു.
2. രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴി
3. പോസ്റ്റർ അയക്കേണ്ട അവസാനദിവസം ഒക്ടോബർ 30.
4. Theme - Walk with Jesus
5. പോസ്റ്റർ ഇ–മെയിൽ വഴി അയക്കേണ്ടതാണ്.
   E-mail ID - tarchdioces@gmail.com
6. പോസ്റ്റർ ഇ–മെയിൽ ചെയ്യുമ്പോൾ പേര്, ഇടവക, ഫോൺ നമ്പർ, ജനന തിയ്യതി എന്നിവ തരേണ്ടതാണ്.
7. ഒരു ഇടവകയിൽനിന്നും ഒന്നിലധികം ആളുകൾക്ക് പങ്കെടുക്കാൻ സാധിക്കും. എന്നാൽ ഒരാൾക്ക് ഒരു പോസ്റ്റർ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.
8. പോസ്റ്റർ സൈസ് – A4
9. Contact - +91 9562224490, +91 9526761164

**ഷോർട്ട് ഫിലിം കോണ്ടസ്റ്റ്**

1. ആഗസ്റ്റ് 15 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നു. സെപ്തംബർ 15 ന് അവസാനിക്കുന്നു.

2. ഷോർട്ട് ഫിലിം അയക്കേണ്ട അവസാനദിവസം ഒക്ടോബർ 30.
3. രജിസ്ട്രേഷൻ ഗൂഗിൾ ഫോം വഴി
4. ഒരു ഇടവകയിൽനിന്നും ഒരാൾക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
5. Theme - Walk with Jesus
6. Format - MP4
7. സമയം – ടൈറ്റിൽ അടക്കം 5 മിനിറ്റ് അല്ലെങ്കിൽ അതിൽ താഴെയോ ആകണം. 5 മിനിറ്റിൽ കൂടിയാൽ ഡിസ് ക്വാളിഫൈഡ് ആകും.
8. ഷോർട്ട് ഫിലിം ഇ–മെയിൽ വഴി അയക്കേണ്ടതാണ്, കൂടെ ഗൂഗിൾ ഡ്രൈവ് വഴിയും, പെൻ ഡ്രൈവ് വഴിയും തരേണ്ടതാണ്.
   E-mail ID - tarchdioces@gmail.com
9. ഫിലിം തരുമ്പോൾ പേര്, ഇടവക, ഫോൺ നമ്പർ എന്നിവ കൂടി വെയ്ക്കണം.
10. Contact - +91 9562224490, +91 8078226193

**യുവജന വർഷത്തോടനുബന്ധിച്ച് നടത്തുന്ന കായിക മത്സരങ്ങളുടെ നിബന്ധനകൾ**

1. വ്യക്തിഗത ഇനത്തിൽ രണ്ട് എണ്ണത്തിൽ മാത്രമേ ഒരു വ്യക്തിയ്ക്ക് പങ്കെടുക്കാൻ കഴിയൂ.
2. എല്ലാ സ്പോർട്സ് ഇനങ്ങളും യുവാക്കൾക്ക് രണ്ട് കാറ്റഗറിയും, യുവതികൾക്ക് രണ്ട് കാറ്റഗറിയും ആയിരിക്കും.
3. എല്ലാ സ്പോർട്സ് ഇനങ്ങളും ഒക്ടോബർ 2 ന് തൃശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് നടത്തപ്പെടും.

**ഫുട്ബോൾ**

1. യുവാക്കൾക്കായുള്ള ഫുട്ബോൾ മത്സരം 15 – 35 വയസ്സുവരെയുള്ള ഒരു കാറ്റഗറി മാത്രമായിരിക്കും.
2. ഫുട്ബോൾ മത്സരം സെവൻസ് ടീം (4 അംഗങ്ങൾ സബ്സ്റ്റിറ്റ്യൂഷൻ) ആയിരിക്കും.
3.മത്സരം ഒക്ടോബർ 14 ശനിയാഴ്ച ടർഫിൽ വെച്ചായിരിക്കും നടത്തപ്പെടുക.

**ഷട്ടിൽ**

1.യുവതികൾക്കായുള്ള ഷട്ടിൽ 15 – 35 വരെ ഒരു കാറ്റഗറി മാത്രമായിരിക്കും.
2.മത്സരം ഒക്ടോബർ 15 ന് നടത്തപ്പെടും.

പ്രായപരിധി

| | |
|---|---|
| 1. 15 – 35 വയസ്സ് | 1988 ജനുവരി – 2008 ഡിസംബർ |
| 2. Ist കാറ്റഗറി 15 – 25 വയസ്സ് | 1998 ഡിസംബർ – 2008 ജനുവരി |

3. $\text{II}^{nd}$ കാറ്റഗറി 26 – 35 വയസ്സ്   1997 ജനുവരി – 1988 ഡിസംബർ

**ഫാ. അജിത് തച്ചോത്ത്**
യുവജനവർഷ കോർഡിനേറ്റർ

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ, യൂത്ത് മിനിസ്ട്രി

## കത്തോലിക്ക കോൺഗ്രസ്സ്
**തൃശൂർ അതിരൂപത**

* **മണിപ്പൂർ കലാപത്തിൽ പ്രതിഷേധം**
  വംശീയ കലാപത്തിന്റെ പേരിൽ ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യാനുള്ള വർഗ്ഗീയ കലാപത്തിൽ കത്തോലിക്ക കോൺ ഗ്രസ്സ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. രൂപത, ഫൊറോന, യൂണിറ്റ് തലങ്ങളിൽ പ്രതിഷേധ സദസ്സുകളും, റാലികളും സംഘടിപ്പിച്ച് കൊണ്ട് പീഡിതർക്കുള്ള ഐക്യദാർഢ്യവും കലാപങ്ങളിൽ പ്രതിഷേധവും രേഖപ്പെടുത്തി.
* **ഭീമ ഹർജി സമർപ്പണം**
  മണിപ്പൂർ കലാപത്തിൽ പ്രതിഷേധിച്ചുകൊണ്ടും കേരളത്തിലെ കർഷകരുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും പ്രധാനമന്ത്രിക്കും, മുഖ്യമന്ത്രിക്കും മറ്റ് ഭരണനേതൃത്വത്തിനും ഗ്ലോബൽ സമിതി നൽകുന്ന ഭീമഹർജിയിലേക്കുള്ള തൃശൂർ അതിരൂപതയുടെ ഹർജികൾ ഗ്ലോബൽ സമിതിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സമർപ്പിച്ചു. അതിരൂപത ഭാരവാഹികളും വർക്കിംങ്ങ് കമ്മറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.
* **യൂത്ത് കൗൺസിൽ ഗ്ലോബൽ സമിതി സന്ദർശനം**
  യൂത്ത് കൗൺസിൽ ഗ്ലോബൽ സമിതി ഭാരവാഹികൾ അതിരൂപത യൂത്ത് കൗൺസിൽ യോഗം സന്ദർശിച്ച് സംസാരിച്ചു. അതിരൂപത യൂത്ത് കൗൺസിൽ ജനറൽ ബോഡി യോഗത്തിലായിരുന്നു സന്ദർശനം. യൂത്ത് കൗൺസിലിന്റെ പ്രധാന്യവും, പ്രസക്തിയും യോഗാംഗങ്ങൽ ചർച്ച ചെയ്യുകയും, യൂത്ത് കൗൺസിൽ പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

* **സ്നേഹാദരവ് 2023**

  തൃശൂർ അതിരൂപതയിലെ പ്രഥമ സംരംഭമായി കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ പ്രഥമ സംഗമം. തൃശൂർ അതിരൂപതാംഗങ്ങൾക്കായി സ്നേഹാദരവ് 2023 എന്ന പേരിൽ സംഘടിപ്പിച്ചു. ഫാമിലി അപ്പ സ്തോലിക് സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും പങ്കെടുത്ത് സംസാരിച്ചു.

* **അമർ ജവാൻ 2023**

  ആഗസ്റ്റ് 15ന് തൃശൂർ അതിരൂപതാംഗങ്ങളായ വിമുക്ത ഭടന്മാരുടെ സംഗമം അമർ ജവാൻ -2023 ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച് സംഘടിപ്പിച്ചു. 2023-ൽ സ്വാതന്ത്ര്യദിനത്തിന്റെ 75-ാം വാർഷികത്തിൽ ആദ്യമായി സംഘടിപ്പിച്ച് അമർ ജവാൻ ആണ്. ഈ വർഷം അമർ ജവാൻ 2023 എന്ന പേരിൽ സംഘടിപ്പിച്ചത്. അതിരൂപത സമിതിയും അമർ ജവാൻ കമ്മിറ്റിയും പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**ശ്രീ. എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

## പാക്ട്



*ഉത്തരവാദിത്വ പൂർണമായ യുവജനത (അജപാലന പദ്ധതി - സെപ്തംബർ)*

**ഇടവകതലത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ**

*പ്രവർത്തനം:* പ്രവാസികളായ യുവജനങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുക. നവമാധ്യമങ്ങളിലെ ഗ്രൂപ്പുകൾ വഴി ഇടവകയോട് ചേർത്ത് നിർത്തുക.

*നിർവ്വഹണചുമതല:* വികാരി, യുവജന ടീം

*അവലോകന സൂചകം:* പ്രവാസികളായ യുവജനങ്ങളുടെ അവസ്ഥകൾ മനസ്സിലാക്കി അജപാലനശ്രദ്ധ നല്കാൻ തയ്യാറാകുന്നു.

**അതിരൂപത തലത്തിൽ ചെയ്യേണ്ട അടിസ്ഥാന പ്രവർത്തനങ്ങൾ**

*പ്രവർത്തനം 1 :* അതിരൂപതയിൽ നിലവിലുള്ള എ.എഫ്.സി. എല്ലാ ഇടവകകളിലേക്കും വ്യാപിപ്പിക്കുകയും, യുവജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ജോബ് കൺസൾട്ടൻസി, ജോബ് ഫെയർ, യൂത്ത് ഡാറ്റ ബാങ്ക്, പി.എസ.സി., എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ മുതലായ സൗകര്യങ്ങൾ നൽകുക – Excel Academy പ്രവർത്തനങ്ങൾ വിപുലമാക്കുക (പിഎസ്സി കോച്ചിംഗ്, കരിയർ ഗൈഡൻസ് തുടങ്ങിയവ). ഗവൺമെന്റിൽ നിന്നുള്ള ഗ്രാൻഡുകൾ (സ്കോളർഷിപ്പ്, ലോണുകൾ, സംവരണം) സംലഭ്യമാക്കാൻ ശ്രദ്ധിക്കുക.

*നിർവ്വഹണചുമതല :* എ.എഫ്.സി., അതിരൂപത യൂത്ത് മിനിസ്ട്രി, യുവജന സംഘടനകൾ

*പ്രവർത്തനം 2 :* നവമാധ്യമങ്ങളിലൂടെ യുവജന പ്രേഷിതത്വത്തെ ശാക്തീകരിക്കുന്നതിനായി പ്രാർത്ഥനകൾ, ആത്മീയ ചിന്തകളിലേക്കുള്ള ഉദ്ബോധനം തുടങ്ങിയ പരിപാടികൾ മീഡിയ കത്തോലിക്ക ചാനലിലൂടെ യുവജനങ്ങളിലേക്ക് എത്തിക്കുക. ഇത്തരത്തിലുള്ള ഉദ്ബോധന പരിപാടികളിലൂടെ വിശ്വാസത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളെ തടയാൻ ശ്രമിക്കുക.

*നിർവ്വഹണചുമതല :* അതിരൂപത യൂത്ത് മിനിസ്ട്രി, വൈദികർ, യുവജന സംഘടനകൾ, മീഡിയ കത്തോലിക്ക.

*പ്രവർത്തനം 3 :* വൈദികർക്കും സമർപ്പിതർക്കും യുവജന അജപാലനത്തിൽ പരിശീലനം സംഘടിപ്പിക്കുക.

*നിർവ്വഹണചുമതല :* പറോക്ക്, വൈദികസമിതി, സി ആർ ഐ

*പ്രവർത്തനം 4 :* 2024 ലിലെ അജപാലനപദ്ധതിക്കായുള്ള ഒരുക്കം ആരംഭിക്കുന്നു.

*നിർവ്വഹണചുമതല :* പാക്ട്, പറോക്

*പ്രവർത്തനം 5 :* സഭയുടെ പ്രബോധനങ്ങൾ, വിശ്വാസ സംബന്ധമായ കാര്യങ്ങൾ എന്നിവ യുവജനങ്ങളിൽ എത്തിക്കാൻ ഒരു മാധ്യമ ശൃംഖലക്ക് രൂപം കൊടുക്കുക. (ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം, വാട്ട്സ്ആപ്പ് കമ്മ്യൂണിറ്റി). ഫൊറോനതല മാധ്യമശൃംഖലകളെ ഏകോപിപ്പിക്കുക.

*നിർവ്വഹണചുമതല :* അതിരൂപത കാര്യാലയം, മീഡിയ കമ്മിഷൻ, യൂത്ത് മിനിസ്ട്രി, പി ആർ ഒ

*പ്രവർത്തനം 6 :* മൈഗ്രന്റ് യുവജന ശുശ്രൂഷ ശക്തിപ്പെടുത്തുക.

*നിർവ്വഹണചുമതല :* മൈഗ്രന്റ് കമ്മിഷൻ

# എവുപ്രാസ്യാ മിഷൻ
## (വിശാഖപട്ടണം)

2023 ജൂലൈ 17 മുതൽ 27 വരെ വിശാഖപട്ടണം –കുറുപ്പം മിഷനിൽ സന്ദർശനം നടത്തി. ഷംഷാബാദ് രൂപതയുടെ കീഴിൽ വിവിധ മിഷൻ രംഗങ്ങളിൽ പ്രവർത്തിക്കുന്ന വൈദികരുടെ ഒരു സമ്മേളനം ജൂലൈ 18–20 തീയതികളിൽ ഒറീസയിൽ ബരാംപൂരിൽ നടന്നു. അതിൽ നമ്മുടെ 7 വൈദികർ പങ്കെടുത്തു. ഇന്നത്തെ പുതിയ കാലഘട്ടത്തിൽ മിഷൻ പ്രവർത്തനം എങ്ങനെ വിജയകരമായി മുന്നോട്ടു നയിക്കാം എന്ന് എല്ലാവരും ചിന്തിച്ചു.

2023 ജൂലൈ 23 ഞായറാഴ്ച്ച സെന്റ് തോമസ് പ്രയർ സെന്റർ, ഫാ. അജിത് കൊള്ളന്നൂർ ആശീർവ്വദിച്ച് തെലുങ്കിൽ വി. കുർബാന യർപ്പിച്ചു. വിവിധ ഗ്രാമങ്ങളിൽ നിന്ന് പതിനഞ്ചോളം പേർ പങ്കെടുത്തു. ഗ്രാമങ്ങളിൽ നിന്ന് എല്ലാദിവസവും ആളുകൾക്ക് വന്ന് പ്രാർത്ഥിക്കുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉപയോഗിച്ചിരുന്ന കാർ ആന്ധ്രപ്രദേശിലെ വീരഘട്ടം മിഷൻ സ്റ്റേഷനിൽ ഉപയോഗിക്കാനായി കൊണ്ടുവന്നു. ഈയവസരത്തിൽ ടോണി പിതാവിന് പ്രത്യേകം നന്ദി പറയുന്നു. മിഷനിലെ പ്രവർത്തനങ്ങൾ വളരെ ഊർജ്ജസ്വലമായി മുന്നോട്ടു പോകുന്നു.

കുറുപ്പം സെന്റ് തോമസ് പ്രയർ സെന്ററിൽ എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ മധ്യസ്ഥപ്രാർത്ഥന നടന്നു കൊണ്ടിരിക്കുന്നു. അതിന് നേതൃത്വം നൽകുന്നത് തൃശ്ശൂരിലെ ഫെല്ലോഷിപ്പ് മിനിസ്ട്രിയിലെ അംഗങ്ങളാണ്. അവരെയും പ്രത്യേകം നന്ദിയോടെ ഓർക്കാം. തൃശ്ശൂർ അതിരൂപതയുടെ സ്വന്തം മിഷനായ വിശാഖപട്ടണം –കുറുപ്പം മിഷനെ നമുക്ക് സഹായിക്കാം, വളർത്താം.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി, ഇവാഞ്ചലൈസേഷൻ കമ്മീഷൻ

# പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ ആറാം യോഗം

**2023 സെപ്തംബർ 9, ശനി,**
**ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ**

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണ യോഗം 2023 സെപ്തംബർ 9, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 9:30 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. പതിനെട്ടാം പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം 2023 നവംബർ 11ന് അവാർഡ് ഡേയോടുകൂടി നടത്തുന്നു. സെപ്തംബർ 9ന് നടക്കുന്ന യോഗത്തിൽ ചർച്ചാവിഷയാവതരണത്തിനു ശേഷം പൊതുവായ വിലയിരുത്തലിനും നിർദ്ദേശങ്ങളും നൽകുന്നതിനുള്ള പൊതുവായ അവസരമുണ്ടായിരിക്കുന്നതാണ്.

*ചർച്ചാവിഷയം*

**'ദിവ്യകാരുണ്യകേന്ദ്രീകൃതമായ സഭാനവീകരണം'**



**ഫാ. ഡൊമിനിക് തലക്കോടൻ**
ജനറൽ സെക്രട്ടറി

# തിരുനാൾ മംഗളങ്ങൾ



പരിശുദ്ധ അമ്മയുടെ
ജനനതിരുനാൾ
സെപ്തംബർ 08



വി. മദർ തെരെസ
സെപ്തംബർ 05



വി. വിൻസെന്റ് ഡി പോൾ
സെപ്തംബർ 27



മുഖ്യദൂതന്മാരായ മിഖായേൽ, ഗബ്രിയേൽ, റാഫേൽ
സെപ്തംബർ 29

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.08.2023
**September- 2023**



# വി. കുരിശിന്റെ പുകഴ്ചയുടെ തിരുന്നാൾ

**സെപ്തംബർ 14**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor